2015 നവംബർ 10
വാല്യം 08
ലക്കം 21

ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹ 150/- Pages:12

# പാനലുകൾ തയ്യാർ

## ഐ. പി. സി. കേരളാ സ്റ്റേറ്റ് ഇലക്ഷൻ






പാ. കെ. സി. തോമസ്, പാ. രാജു പൂവക്കാല, പാ. ഷിബു നെടുവേലിൽ
കുര്യൻ ജോസഫ്, പാ. സി. സി. ഏബ്രഹാം, മോനി കരിക്കം

പാ. ഫിലിപ്പ് പി. തോമസ്, പാ. സണ്ണി കുര്യൻ, പാ. എം. പി. ജോർജ്ജുകുട്ടി
സണ്ണി മുളമൂട്ടിൽ, പാ. സാം ഡാനിയേൽ, എൽ. കെ. റോയി

**കുമ്പനാട്:** ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സഭയായ ഐ. പി. സിയിൽ തെരഞ്ഞെടുപ്പിന് കളമൊരുങ്ങി. ജനറൽ കൗൺസിൽ ഇലക്ഷന് മുന്നോടിയായി നടക്കുന്ന കേരളാ സ്റ്റേറ്റ് ഇലക്ഷൻ ഫെബ്രുവരി മാസത്തിൽ നടക്കും എന്ന് ഉറപ്പായി. ഫെബ്രുവരി രണ്ടാം വാരത്തിൽ ഇലക്ഷൻ നടക്കുവാനാണ് സാധ്യത. രണ്ടായിരത്തി അറുന്നൂറോളം സഭകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ശുശ്രൂഷകരും സഭാപ്രതിനിധികളുമടക്കം ആറായിരത്തിലധികം സമ്മതിദായകരാണ് ഈ ഇലക്ഷനിൽ സമ്മതിദാനാവകാശം രേഖപ്പെടുത്തേണ്ടത്.

ശക്തമായ രണ്ടു പാനലുകൾ ഇതിനോടകം രംഗത്തെത്തിക്കഴിഞ്ഞു. നിലവിലുള്ള എക്സിക്യൂട്ടീവ് അംഗങ്ങളെല്ലാം രണ്ടുചേരിയിലായി അണിനിരന്നുകഴിഞ്ഞു. പാസ്റ്റർ ഫിലിപ്പ് പി. തോമസിന്റെ പാനലിലെ പ്രമുഖനായിരുന്ന പാസ്റ്റർ ഷിബു നെടുവേലിൽ ഇക്കുറി എതിർപാളയത്തിൽ ആണ്. പാസ്റ്റർ കെ. സി. തോമസ് പ്രസിഡന്റ് സ്ഥാനാർത്ഥിയായി ഒരു പാനലിൽ ഉണ്ടെങ്കിലും ഫലത്തിൽ പാസ്റ്റർ ഷിബു നെടുവേലിൽ ആണ് ആ പാനലിനെ നയിക്കുന്നത്.

പാസ്റ്റർ ഫിലിപ്പ് പി. തോമസ് പ്രസിഡന്റ് സ്ഥാനാർത്ഥിയായി നേതൃത്വം നൽകുന്ന പാനലിൽ സുപ്രസിദ്ധ കൺവൻഷൻ പ്രസംഗകനായ പാസ്റ്റർ സണ്ണി കുര്യൻ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നുവെന്ന പ്രത്യേകത ഇത്തവണയുണ്ട്. പാസ്റ്റർ എം. പി. ജോർജ്ജുകുട്ടി, ബ്രദർ സണ്ണി മുളമൂട്ടിൽ, ബ്രദർ എൽ. കെ. റോയി, മലബാറിന്റെ പ്രതിനിധിയായി പാസ്റ്റർ സാം ഡാനിയേൽ എന്നിവരും ഈ പാനലിൽ മത്സരിക്കുന്നു. പാസ്റ്റർ ഫിലിപ്പ് പി. തോമസ്, സണ്ണി മുളമൂട്ടിൽ, എൽ. കെ. റോയി എന്നിവർ നിലവിലുള്ള ഭരണസമിതി അംഗങ്ങളാണ്. പാസ്റ്റർ വൽസൻ ഏബ്രഹാമിന്റെ പിന്തുണയുള്ള പാനലാണിത്.

നിലവിലുള്ള പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസിന്റെ നേതൃത്വത്തിലുള്ള പാനലിൽ നിലവിലുള്ള ഭരണസമിതി അംഗങ്ങളായ പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ ഷിബു നെടുവേലിൽ എന്നിവരോടൊപ്പം ബ്രദർ കുര്യൻ ജോസഫ്, പാസ്റ്റർ സി. സി. ഏബ്രഹാം, ബ്രദർ മോനി കരിക്കം എന്നിവർ മത്സരിക്കുന്നു. പാസ്റ്റർ കെ. സി. ജോണിന്റെ പിന്തുണ ഈ പാനലിനാണ്.

എക്സിക്യൂട്ടീവ് അംഗങ്ങളെ കൂടാതെ 29 ശുശ്രൂഷകരെയും 28 വിശ്വാസികളെയും ഇതോടൊപ്പം കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കും.

ജനാധിപത്യ സംവിധാനം ശക്തമായ പ്രസ്ഥാനമാണ് ഐ. പി. സി. ഇനിയുള്ള ദിവസങ്ങൾ ചേരിതിരിഞ്ഞുള്ള പോരാട്ടത്തിന്റെയും മത്സരത്തിന്റെയും ദിനങ്ങളാണ്. ഏത് പാനലിനാണ് മുൻതൂക്കം എന്ന് വ്യക്തമായ ചിത്രം ലഭിക്കണമെങ്കിൽ കൗൺസിൽ സ്ഥാനാർത്ഥികളുടെ പേരുകൾ കൂടി ലഭിക്കണം. മത്സരം കടുത്തതാകും എന്ന് ഉറപ്പ്.

## നവാപൂർ കൺവൻഷൻ നവംബർ 17ന്



പാസ്റ്റർ വി.ജെ. തോമസ്    പാസ്റ്റർ എം.ഐ. ഈപ്പൻ

**നവാപൂർ:** ഉത്തര ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സംഗമമായ നവാപൂർ കൺവൻഷൻ നവംബർ 17–22 വരെ മഹാരാഷ്ട്രയിലെ നവാപൂരിന് സമീപമുള്ള കരഞ്ചികുർദ് ഫിലദൽഫിയ സ്റ്റേഡിയത്തിൽ നടക്കും. നവംബർ 17 വൈകിട്ട് 6ന് ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയുടെ ജനറൽ ഓവർസിയർ റവ. ജോയി പുന്നൂസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ വി.ജെ. തോമസ് (മുംബെ), എം.ഐ. ഈപ്പൻ (ബാംഗ്ലൂർ), എം.എസ് ശാമുവേൽ (യൂഎസ്എ), ടി.സി. തോമസ് എന്നിവർ മുഖ്യ പ്രഭാഷകരായിരിക്കും. ഡോ. പോൾ മാത്യു (നാഷണൽ ഓവർസിയർ) ഡോ. ഫിന്നി ഫലിപ്പ് തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. സിസ്റ്റർ സംഗീതയുടെ നേതൃത്വത്തിലുള്ള ഫിലദൽഫിയ ക്വയർ ഗാനശുശ്രൂഷ നിർവഹിക്കും. കൺവൻഷനോടനുബന്ധിച്ച് ശുശ്രൂഷക സമ്മേളനം, ഫിലദൽഫിയ ബൈബിൾ കോളജ് ഗ്രാഡുവേഷൻ, മെഡിക്കൽ ക്യാമ്പ് എന്നിവ നടക്കും.

മരുഭൂമിയുടെ അപ്പോസ്തോലനായിരുന്ന ഡോ. തോമസ് മാത്യു തുടക്കം കുറിച്ച നവാപൂർ കൺവൻഷൻ മൂന്ന് പതിറ്റാണ്ടുകൾ പിന്നിടുമ്പോ

05

## ഐ. പി. സി. മഹാരാഷ്ട്ര റീജിയൻ സിൽവർ ജൂബിലി കൺവൻഷൻ



പാസ്റ്റർ പി. ജോയി

**പൻവേൽ:** ഐ. പി. സി. മഹാരാഷ്ട്ര റീജിയന്റെ ആഭിമുഖ്യത്തിൽ നവംബർ 12 – 15വരെ സിൽവർ ജൂബിലി കൺവൻഷൻ നവിമുംബൈയിലെ കാമോത്തേ സുഷമ പാട്ടീൽ & ജൂണിയർ കോളേജിൽ (Plot No: 39 Sector -11) നടക്കും. റീജിയൻ പ്രസിഡന്റ് പാസ്റ്റർ പി. ജോയി ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റേഴ്സ് ബാബു ചെറിയാൻ, വർഗീസ് ഏബ്രഹാം എന്നിവർ പ്രസംഗിക്കും. പാസ്റ്റർ വൽസൺ ഏബ്രഹാം, പാസ്റ്റർ സാം ജോർജ്ജ് എന്നിവർ അതിഥികളായി പങ്കെടുക്കും. പെർസിസ് & ടീം ഡൽഹി ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർ പി. ജോയി (പ്രസിഡന്റ്), പാസ്റ്റർ കെ. എ. മാത്യു (സെക്രട്ടറി) തുടങ്ങിയവർ നേതൃത്വം നൽകും.




അസഹിഷ്ണത നാട്ടിലെങ്ങും വർദ്ധിക്കുന്നു.

*2 തിമൊഥെയൊസ് 3: 1–5*

## ഐ.പി.സി. സൗത്ത് ഈസ്റ്റ് റീജിയന് പുതിയ ഭാരവാഹികൾ



പാ. ജെയിംസ് ജോർജ്ജ് | പാ. മാത്യു ജോസഫ് | പാ. വി. പി. ജോസ് | ചാക്കോ സ്റ്റീഫൻ | സജിമോൻ മാത്യു | പാ. കെ. സി. ജോൺ | രാജൻ ആര്യപ്പള്ളിൽ

**ഫ്ളോറിഡ:** നോർത്ത് അമേരിക്കൻ ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയന് പുതിയ ഭാരവാഹികൾ. ഒക്ടോബർ 31 ന് ബ്രാൻഡൻ ഐ.പി.സി സയൺ വർഷിപ്പ് സെന്ററിൽ നടന്ന ജനറൽ ബോഡിയിൽ പാസ്റ്റർ കെ.സി. ജോൺ അദ്ധ്യക്ഷത വഹിച്ചു. പ്രവർത്തന റിപ്പോർട്ട് ബ്രദർ രാജൻ ആര്യപ്പള്ളിയും കണക്കുകൾ ബ്രദർ ചാക്കോ സ്റ്റീഫനും അവതരിപ്പിച്ചു. തെരഞ്ഞെടുപ്പിന് പാസ്റ്റർ എ.സി ഉമ്മൻ നേതൃത്വം നൽകി.

പാസ്റ്റർ ജെയിംസ് ജോർജ്ജ് ഉമ്മൻ (പ്രസിഡന്റ്), പാസ്റ്റർ മാത്യു ജോസഫ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ വി. പി. ജോസ് (സെക്രട്ടറി), ബ്രദർ ചാക്കോ സ്റ്റീഫൻ (ജോ. സെക്രട്ടറി), ബ്രദർ സജിമോൻ മാത്യു (ട്രഷറർ), പാസ്റ്റർ കെ.സി. ജോൺ, ബ്രദർ രാജൻ ആര്യപ്പള്ളിൽ (ജനറൽ കൗൺസിൽ അംഗങ്ങൾ) എ

07

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം



**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# പെന്തെക്കോസ്തും രാഷ്ട്രീയവും



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

രാഷ്ട്രീയത്തിൽ മതങ്ങളുടെ കടന്നുകയറ്റം അപകടകരം തന്നെയാണ്. മതം നിയന്ത്രിക്കുന്ന രാഷ്ട്രീയം ഭാരതത്തിന്റെ ശാപമായി മാറുന്നുവോ എന്ന് സംശയിക്കേണ്ടി വരുന്നു. രാഷ്ട്രീയത്തെ അതിന്റെ വഴിയിൽ വിട്ട് മതം മാറിനിൽക്കുന്നതാണ് ആരോഗ്യകരമായ ജനാധിപത്യത്തിനു നല്ലത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഭാരതത്തിൽ വ്യത്യസ്ത മതസ്ഥർ തിങ്ങിപാർക്കുന്ന ഇടംകൂടിയാണ്. പരസ്പര സഹവർത്തിത്വത്തോടും ബഹുമാനത്തോടും നാം ഭാരതീയർ എന്ന ചിന്തയിൽ മുന്നോട്ടുപോകണം.

എല്ലാതലത്തിലും മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യൻ സ്വസ്നേഹികളും വമ്പ് പറയുന്നവരും ഇണങ്ങാത്തവരും ഉഗ്രന്മാരുമൊക്കെയാകുമെന്ന് അന്ത്യകാലത്തെക്കുറിച്ച് ബൈബിളിലും പറയുന്നുണ്ടല്ലോ. അവനവനിസം ആണ് ഇപ്പോൾ എല്ലായിടത്തും. ഒരുകാലത്ത് ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ദേശസ്നേഹത്തിന്റെയും ഒക്കെ ആൾരൂപങ്ങളായിരുന്നു രാഷ്ട്രീയക്കാർ. ജനസേവനം മാത്രമായിരുന്നു ഒരുകാലത്ത് രാഷ്ട്രീയക്കാരുടെ ലക്ഷ്യം ആയിരുന്നുവെങ്കിൽ ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. അഴിമതികൊണ്ട് മലീമസമായി രാഷ്ട്രീയം മാറിയിരിക്കുന്നു. അഴിമതിയും സ്വജനപക്ഷവാദവും എല്ലാം രാഷ്ട്രീയത്തിന്റെ മുഖമുദ്രയായി.

കേരളത്തിൽ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞ് റിസൾട്ട് വന്നതേയുള്ളൂ. ഇക്കുറിയിൽ ധാരാളം പെന്തെക്കോസ്തുകാർ മത്സരരംഗത്ത് ഉണ്ടായിരുന്നു. ചിലരൊക്കെ ജയാളികളുമായി. പെന്തെക്കോസ്തുകാർ രാഷ്ട്രീയത്തിൽ ഇടപെടുന്നതും രാഷ്ട്രീയപ്രവർത്തനം നടത്തുന്നതും ശരിയോ തെറ്റോ എന്ന ചർച്ച പലപ്പോഴും നടന്നിട്ടുണ്ട്. സംശുദ്ധമായ രാഷ്ട്രീയപ്രവർത്തനം ഇന്നത്തെ നിലയിൽ അസാധ്യം എന്നു തന്നെയാണ് എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ളത്. അതുകൊണ്ടു തന്നെ രാഷ്ട്രീയപ്രവർത്തനം വളരെ സൂക്ഷ്മമായി ചെയ്യേണ്ടതാണ്.

കഴിഞ്ഞ അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ പെന്തെക്കോസ്ത് ശുശ്രൂഷകന്മാർ നടത്തിയ രാഷ്ട്രീയപ്രവർത്തനം ടെലിവിഷൻ ചാനലുകളിൽപോലും ചർച്ചയായി മാറി. വലതുപക്ഷത്തിനും ഇടതുപക്ഷത്തിനുംവേണ്ടി ചേരിതിരിഞ്ഞ് സമ്മേളനങ്ങൾ വരെ നമ്മുടെ ഉപദേശിമാർ നടത്തി. ചിലർക്കെങ്കിലും അത് പ്രയോജനപ്പെട്ടതായി പിന്നാമ്പുറത്തെ സംസാരവും നമ്മൾ കേട്ടിരുന്നു.

ഒരു സുവിശേഷകൻ രാഷ്ട്രീയത്തിൽ ഇടപെടുന്നത് ശരിയോ തെറ്റോ എന്ന ചോദ്യത്തിന് എന്റെ നിരീക്ഷണം ഞാൻ പറയാം. ഒരു സുവിശേഷകൻ അഥവാ പാസ്റ്റർ പ്രസംഗിക്കുന്നത് രക്ഷയുടെ സന്ദേശമാണ്. അത് ഭാഷ, ജാതി, ഗോത്ര, വർഗ്ഗ, വർണ്ണ വ്യത്യാസം കൂടാതെ എല്ലാ മനുഷ്യർക്കുംവേണ്ടിയുള്ള സന്ദേശമാണ്. അത് പറയുന്നയാൾ ഒരിക്കലും ഒരു പക്ഷത്തിന്റെ ആളായി മുദ്രകുത്തപ്പെടുന്നത് ശരിയല്ല. മാത്രമല്ല എല്ലാവരെയും ഒന്നുപോലെ കാണുവാനും എല്ലാവരാലും ആദരിക്കപ്പെടുവാനും കഴിഞ്ഞെങ്കിൽ മാത്രമേ സുവിശേഷപ്രവർത്തനത്തിൽ വിജയം നേടുവാൻ കഴിയൂ. അഥവാ വ്യക്തികളെ ക്രിസ്തുവിനായി ആദായപ്പെടുത്തുവാൻ കഴിയൂ. താല്കാലിക നേട്ടത്തിനും ലാഭത്തിനും ആയി രാഷ്ട്രീയപാർട്ടികളുടെ പിണിയാളുകളായി പ്രവർത്തിക്കുന്നത് ആത്മീകതയ്ക്ക് യോജിക്കുന്നതാണെന്ന് തോന്നുന്നില്ല. ഐഹികമായ ഒന്നിനുവേണ്ടി പ്രവർത്തിക്കുവാൻ അല്ലല്ലോ കർത്താവ് പഠിപ്പിച്ചതും. രാജ്യത്തിന്റെ നിയമങ്ങൾ അനുസരിക്കുവാൻ നമ്മൾ കടപ്പെട്ടവരാണ്. രാഷ്ട്രീയത്തിക്കുറിച്ച് നമുക്ക് അഭിപ്രായവും ഉണ്ടാകാം. എന്നാൽ സുവിശേഷകർ രാഷ്ട്രീയത്തിൽ ഇടപെടാതിരിക്കുന്നതാണ് നല്ലത്. കാരണം നമ്മൾ പറയുന്ന സന്ദേശത്തിന്റെ കേൾവിക്കാർ ഒരുപക്ഷം മാത്രമല്ലല്ലോ. ഒരു ശുശ്രൂഷകന്റെ ഘനശാലിത്വം എന്നത് എന്താണെന്ന് തിരിച്ചറിവ് നമുക്കുണ്ടാകണം.

---

**യുവജന പംക്തി**

# ജീവിതം ഒന്നേയുള്ളൂ



ബിനു ജോസഫ്
വടശ്ശേരിക്കര

"Live as if you will die tommorrow

Learn as if you will live forever"

ജീവിതത്തിൽ ഇത്തരം ഒരു തത്വശാസ്ത്രം ഉള്ളവർക്ക് ഭാവി പ്രതീക്ഷകൾ ഉണ്ട്. ദൈവദാനമായ ജീവിതത്തെ ഏറ്റവും നന്നായി ഉപയോഗിക്കുവാനായി നാം ശ്രദ്ധിക്കണം.

ജീവിതം ഒന്നേയുള്ളൂ, അത് നന്നായി അഭ്യസിക്കണം; ഒപ്പം അനുഗ്രഹപ്രഭവുമാക്കണം. വളരാനും ഉയരാനും വേണ്ടിയുള്ളതാണ് ജീവിതം.

ഉയരങ്ങൾ കീഴടക്കാനുള്ള ചിറകുകൾ എല്ലാവർക്കു സ്വന്തം; എന്നാൽ പറക്കുന്നവർ തുലോം ചുരുക്കം. പറക്കാൻ ശ്രമിക്കുന്നവർക്കേ ഉയരങ്ങളിൽ എത്താൻ കഴിയൂ.

വീൽചെയറിൽ ജീവിച്ച റൂസ്വെൽറ്റ് നാലു തവണ അമേരിക്ക ഭരിച്ചു.

പോളിയോ തളർത്തിയ വിൽമ ഓട്ടമത്സരത്തിൽ ചാമ്പ്യയായി.

ബധിരയും മൂകയും, അന്ധയും ആയ ഹെല്ലൻ പഠിച്ചത് അഞ്ച് ഭാഷകൾ.

അന്ധയായ ഫാനി ക്രോസ്സി രചിച്ചത് 4000–ലധികം ഗാനങ്ങൾ.

ജീവിതത്തിലെ പ്രതിസന്ധികൾ ചിറകുകളെ തകർത്തുവെങ്കിലും അറ്റുപോയ ചിറകുകളെ ഉപയോഗിച്ച് പറന്നവരാണിവരെല്ലാം തന്നെ. ദൈവത്തിലാശ്രയിക്കുന്നവർക്ക് പ്രതിസന്ധികളെ അതിജീവിക്കാൻ കരുത്തു ലഭിക്കും.

ദൈവം കൂടെയുണ്ടെന്നുള്ള ബോധ്യവും, ഞാൻ ദൈവത്തിന്റെ സ്വന്തമാണെന്ന ഉറപ്പും



നമ്മെ മുമ്പിലേക്ക് തള്ളും. പ്രതീക്ഷകൾ കൈവെടിയരുത്.

മുറിച്ച് മാറ്റിയ വൃക്ഷത്തണ്ടിന് പകരമായി പുതിയ ശിഖരങ്ങൾ അങ്കുരിക്കുന്നതുപോലെ നമുക്കും അത്തരം ഒരു മനോഭാവം വളർത്തിയെടുക്കാം. നമ്മെ വേദനിപ്പിക്കുമ്പോഴും 'ദൗത്യം' ഫലം നൽകുക എന്നതാണ്.

ആരോടും മത്സരമില്ലാത്ത ജീവിതം, പിണക്കങ്ങളും പരാതിയും അന്യമായ ജീവിതം; ഉള്ളതിൽ തൃപ്തിപ്പെടുവാൻ കഴിയുന്നവർ, ഉയരങ്ങളിലേക്ക് പറക്കേണ്ടവർ എന്ന ചിന്ത കൈമുതലാക്കിയാൽ പിന്നെ നിർഭയം മുന്നേറാം.

'ദൈവഹിതം' അതാണ് 'ജീവിതവിജയം' ദൈവഹിതത്തിനു പുറത്തുള്ളത് പരാജയത്തിലേക്കുള്ള വഴിയാണ്. യൗവനപ്രായത്തിൽ നന്ന് എന്ന് തോന്നുന്ന പലതും പിന്നീട് പരാജയം ആയി എന്ന തിരിച്ചറിവുണ്ടാകാം. ശലോമോൻ ഓർപ്പിക്കുന്നു "ഒരു വഴി ചിലപ്പോൾ മനുഷ്യനു നന്നായി തോന്നും അതിന്റെ അവസാനമോ മരണവഴികൾ അത്രേ"

ഏറ്റവും ഹൃദ്യമായ പ്രാർത്ഥന അതായിരുന്നു "Dear God, your will, nothing more, nothing else. Amen" **(പ്രിയ ദൈവമേ നിന്റെ ഇഷ്ടം, അതിൽ കൂടുതലോ, മറ്റൊന്നോ അതിൽ കുറച്ചോ എനിക്ക് വേണ്ട. ആമേൻ)** ബോബി റിച്ചാർഡ്സണിന്റെ ഈ പ്രാർത്ഥന നമുക്ക് പ്രാർത്ഥിക്കാൻ കഴിഞ്ഞാൽ!

തലമുറയെ എഞ്ചിനിയറും ഡോക്ടറുമാക്കാൻ ആഗ്രഹിക്കുന്ന മാതാപിതാക്കൾ ചെയ്യേണ്ടത് ദൈവഹിതം അറിഞ്ഞ് യാത്ര ചെയ്യാൻ തലമുറയെ പഠിപ്പിക്കുക എന്നതാണ് (Train the generation to walk according to Gods will).

ആട്ടിടയനായ ദാവീദിനെ രാജാവാക്കിയ ദൈവം, സ്വപ്നക്കാരൻ യോസഫിനെ മന്ത്രി ആക്കിയ ദൈവം ഇന്നും ഉണ്ട്;

അറിവ് ലോകം നൽകുന്നു
ജ്ഞാനം ദൈവം തരുന്നു
പണം ലോകം തരുന്നു
സമാധാനം ദൈവത്തിൽ നിന്നും

ആരോ പറഞ്ഞതുപോലെ

"പണം കൊടുത്ത് കിടക്ക വാങ്ങാം പക്ഷേ ഉറക്കം സാധ്യമല്ല
പണം കൊണ്ട് വീട് പണിയാം പക്ഷേ കുടുംബം സാധ്യമല്ല"

ഇന്ന് യുവജനങ്ങൾ പലരും വിമർശനത്തിന്റെ വ്യാജമേന്തി നടക്കുന്നു. എല്ലാം വിമർശനബുദ്ധിയോടെ കാണുന്നവർ. ഫേസ്ബുക്കും, വാട്ട്സ് ആപ്പും എല്ലാം അതിന്റെ വേദിയാകുന്നു; എന്നാൽ വളരുവാനാഗ്രഹിക്കുന്നവർ അതിനുവേണ്ടി സമയം കളയില്ല. അടിയും വാളും വാക്കും, തോക്കും കൊണ്ട് ആരും ആരെയും നേടിട്ടില്ല. മറിച്ച് സ്നേഹവും സൗമ്യതയും, താഴ്മയും മുഖമുദ്രയാക്കാം. ലഭിക്കുന്ന നാളുകൾ നന്നായി ഉപയോഗിക്കാം.


BELIEVERS JOURNAL
Kandamkeril Bldg,
Kumbanad P. O.,
Thiruvalla - 689 457

എനിക്കും പറയാനുണ്ട്...

# വളരുന്ന അസഹിഷ്ണത



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

നമ്മുടെ ഭാരതത്തിന് എന്തു പറ്റി? ഓരോ ദിവസവും മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ കാണുമ്പോൾ അറിയാതെ സ്വയം ചോദിച്ചുപോകുന്ന ചോദ്യമാണിത്. ഇത്രമാത്രം അസഹിഷ്ണത വർദ്ധിച്ച ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മത അസഹിഷ്ണത എവിടെയും പ്രകടമായി കാണുന്നു. ജാതിയുടെയും മതത്തിന്റെയും പേരിൽ ഇത്രമാത്രം അസഹിഷ്ണത നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടില്ല. നാനാത്വത്തിലെ ഏകത്വം മനോഹരമാക്കിയ ഭാരതം ലോകത്തിന് എന്നും അത്ഭുതം തന്നെയായിരുന്നു. വർഗ്ഗീയ കലാപം ആളിക്കത്തിയ ഇടങ്ങളും രാഷ്ട്രീയ കുടിപ്പകയുടെ പോരുകളുമൊക്കെ ഭാരതത്തിന്റെ സൽപേര് പലപ്പോഴും കളഞ്ഞുകുളിച്ചിട്ടുണ്ട്. എന്നാൽ അതിനെയെല്ലാം അതിജീവിക്കുന്ന കാഴ്ചയാണ് നാം പിന്നീട് കാണാറുള്ളത്. രാജ്യത്തിന്റെ ഏതെങ്കിലും മേഖലകളിൽ മാത്രം ഒതുങ്ങിയിരുന്ന വംശീയ, വർഗ്ഗീയ അസഹിഷ്ണത ഇന്ന് എവിടെയും ദൃശ്യമാണ് എന്നത് ഭയപ്പെടുത്തുന്ന വിഷയം തന്നെയാണ്. പുറമേ ലക്ഷണങ്ങൾ കാണുന്നില്ലെങ്കിലും പൊട്ടിത്തെറിക്കാവുന്ന അഗ്നിപർവ്വതം കണക്കെയാണ് കാര്യങ്ങൾ. പരസ്പരം ആർക്കും ആരെയും വിശ്വാസമില്ല. സംശയദൃഷ്ടിയോടെ വീക്ഷിക്കുന്ന ജനക്കൂട്ടങ്ങൾ. നിസ്സാരവിഷയങ്ങൾ പർവ്വതീകരിച്ച് ജനത്തെ ഭിന്നിപ്പിക്കുന്ന തന്ത്രശാലികളായ രാഷ്ട്രീയക്കാർ അണിയറയിൽ പ്രവർത്തിക്കുമ്പോൾ അതിന് മറയാക്കുന്നത് മതത്തെയാണ് എന്നത് ദുഃഖകരം. വൈവിധ്യമാർന്ന സംസ്കാരവും ജീവിത ശൈലിയും വ്യത്യസ്ത ജനവിഭാഗങ്ങളും നാനാജാതി മതസ്ഥരും എല്ലാം തിങ്ങിപാർക്കുന്ന ഭാരതം ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യംകൂടിയാണ്.

മതത്തിന്റെ പേരിൽ നടത്തുന്ന പ്രകോപനപരമായ പ്രസ്താവനകൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതാണ്. വൻകാടു കത്തിക്കുന്ന തീപ്പൊരി പോലെ അപകടകാരികളാണ് ഇത്തരം പ്രസ്താവനകൾ. ഭാരതത്തിന്റെ പുരോഗതിയെക്കുറിച്ച് അഭിമാനം കൊള്ളുകയും ലോകരാഷ്ട്രങ്ങളുടെ മുമ്പിൽ ഭാരതം ഉയരങ്ങളിലാണെന്ന് കൊട്ടിഘോഷിക്കുകയും ചെയ്യുന്നവർ ഇൻഡ്യയുടെ യഥാർത്ഥമുഖം കാണുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. പട്ടിണിക്കോലങ്ങളും ആധുനികതയുടെ സുഖസൗകര്യങ്ങൾ എന്തെന്ന് അറിയാത്തവരും ഇവിടെ ലക്ഷകണക്കിനാണ്.

ഇതിനിടയിലും മതത്തിന്റെ പേരിൽ പരസ്പരം വെല്ലുവിളിക്കുകയും പോരടിക്കുകയും ചെയ്യുന്നവർ സാമാന്യ ജനത്തിനുള്ളിൽ പകരുന്നത് അപകടകരമായ അസഹിഷ്ണതയാണ്.

ഇതുവരെ പറഞ്ഞത് പൊതുസമൂഹത്തിന്റെ കാര്യമാണെങ്കിൽ പെന്തെക്കോസ്തുകാരുടെ ഇടയിലും അപകടകരമായ അസഹിഷ്ണത വളർച്ച നേടിയിരിക്കുന്നു. ഉപദേശത്തിന്റെ പേരിൽ, ശുശ്രൂഷയുടെ പേരിൽ, പ്രസ്ഥാനത്തിന്റെ പേരിൽ ഇങ്ങനെ പലതിന്റെയും പേരിൽ പെന്തെക്കോസ്ത് സമൂഹം പരസ്പരം പോരടിക്കുകയാണ്. ക്രിസ്തുവിനെ സ്നേഹിക്കുന്നതിനുപരി പ്രസ്ഥാനത്തെ സ്നേഹിക്കുന്ന പ്രസ്ഥാന സ്നേഹികളെ പെന്തെക്കോസ്തിലിന്ന് ധാരാളം കാണുവാൻ കഴിയും.

പെന്തെക്കോസ്തിലെ ദുരുപദേശങ്ങൾ, അഴിമതി, അമിത രാഷ്ട്രീയം തുടങ്ങിയവയ്ക്കെതിരെ തൂലിക ചലിപ്പിക്കുന്ന മാധ്യമങ്ങളോട് നേതാക്കന്മാരും പ്രസംഗകരും ഒക്കെ അസഹിഷ്ണത പുലർത്തുന്ന കാഴ്ചയാണ് ഇന്നുള്ളത്. പെന്തെക്കോസ്തിലെ പ്രശ്നങ്ങൾക്കെല്ലാം കാരണം മാധ്യമങ്ങളാണ് എന്നൊരു പ്രചരണം ഇന്ന് നടക്കുന്നുണ്ട്. എന്നാൽ സുവിശേഷത്തിന്റെ മറവിൽ അഴിമതി നടത്തി കോടികൾ സമ്പാദിച്ചുകൂട്ടിയവരും കസേരയുടെ മറവിൽ അഴിമതി കാട്ടുന്നവരും ലോക മനുഷ്യരെ ലജ്ജിപ്പിക്കുന്ന നിലയിൽ ഗുണ്ടായിസം കാട്ടുന്നവരുമൊക്കെ ഇവരുടെ കണ്ണിൽപ്പെടാറില്ല.

ഒരു കാലത്ത് സമർപ്പണവും സഹിഷ്ണതയും മാതൃകയുമുള്ള ദൈവദാസന്മാർ നേതൃത്വം നൽകിയ സ്ഥാനത്ത് ദർശനം ഇല്ലാത്തവരും ദ്രവ്യാഗ്രഹികളും ഇന്ന് ആ സ്ഥാനം കൈയടക്കിയിരിക്കുന്നു.

വിമർശനം ഉൾക്കൊള്ളുവാൻ കഴിയാത്ത നിലയിൽ അസഹിഷ്ണത പുലർത്തുന്നവരാണ് നമ്മുടെ ഒട്ടുമിക്ക നേതാക്കന്മാരും. പണ്ട് ശരിയായിരുന്നത് പലതും ഇന്ന് നമ്മുടെ സമൂഹത്തിന് തെറ്റാണ്. പണ്ട് തെറ്റായിരുന്നതു പലതും ശരിയായും തീർന്നിരിക്കുന്നു. നമ്മുടെ യുവതലമുറയെ തെറ്റായ വഴിയിലേക്ക് അറിഞ്ഞോ അറിയാതെയോ നമ്മുടെ നേതൃത്വം നയിക്കുകയാണ്. അസഹിഷ്ണതയുള്ള ഒരു തലമുറയെ വാർത്തെടുത്തവർ തീക്കൊള്ളികൊണ്ട് തല ചൊറിയുന്നു. ദൈവോന്മുഖമായി ചിന്തിക്കേണ്ട തലമുറയെ പ്രതികാരചിന്തയോടും ഭിന്നതയുടെ ആത്മാവോടും നയിക്കുകയാണ് നമ്മുടെ നേതാക്കന്മാർ.

സ്വന്തമായി ഗുണ്ടകളെ അകമ്പടിക്കാരായി കൊണ്ടുനടക്കുന്നവരും എതിരാളികളെന്ന് ചിന്തിക്കുന്നവരെ അടിച്ചൊതുക്കുവാൻ ശ്രമിക്കുന്നവരും ഇന്ന് പെന്തെക്കോസ്തു നേതാക്കന്മാരുടെയിടയിൽ ധാരാളം ഉണ്ട്. ഇത്തരം പ്രവർത്തികളിലൂടെ മാതൃകയില്ലാത്ത നേതാക്കന്മാരുടെ പാത അറിഞ്ഞോ അറിയാതെയോ പിന്തുടരുകയാണ് നമ്മുടെ യുവതലമുറ.

ശരിയായ വചനപഠനമോ പരിശുദ്ധാത്മാവിന്റെ പ്രവർത്തിയ്ക്കുള്ള അവസരമോ ഇന്ന് സഭകളിലില്ല. സഭാരാഷ്ട്രീയത്തിൽ ഡോക്ടറേറ്റ് എടുത്ത ഇടയന്മാർ ഉള്ള സഭകളിലെ ആടുകൾ തെറ്റിപ്പോകുന്നത് സ്വാഭാവികം. അവർ പഠിക്കുന്നത് എതിരാളികൾക്കെതിരെ പോരാടുവാനാണ്. പണ്ട് അത് വാക്കുകളും എഴുത്തുകളും ആയിരുന്നെങ്കിൽ ഇന്ന് ശാരീരികമായി നേരിടുന്നതിൽ വരെ എത്തിയിരിക്കുന്നു കാര്യങ്ങൾ. എവിടെയും അസഹിഷ്ണതയുടെ വിത്ത് മുളച്ച് പടർന്നിരിക്കുന്നത് കാണുമ്പോൾ നാം അറിയാതെ ഭയപ്പെട്ടേക്കാം.

ഇന്ന് നമ്മുടെ സമൂഹത്തിന് സംഭവിച്ചിരിക്കുന്ന ഈ പരാജയങ്ങൾക്ക് അറുതി വരണമെങ്കിൽ യഥാർത്ഥമായ ഒരു മാനസാന്തരവും മടങ്ങിവരവും ഉണ്ടാകണം. നമ്മുടെ വീണ്ടെടുപ്പുകാരനായ ക്രിസ്തുവിന്റെ വരവ് ഈ തലമുറയിൽ ഉണ്ടാകും എന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം അതിന്റെ ലക്ഷണം ആണ് ഇതെല്ലാം.

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

ഇടയന്മാർ സഞ്ചിയിൽ തനിക്കു ആവശ്യമായ ഭക്ഷണവും സൂക്ഷിച്ചിരുന്നു, പലസ്തീൻ ദേശത്ത് വന്യമൃഗങ്ങളുടെ കൈയിൽനിന്നും ആടുകളെ രക്ഷിക്കുവാൻവേണ്ടി ആടുകൾക്കു മുന്നവേ പോകാറുണ്ട്, അത് ആടുകൾക്കു വളരെ ആശ്വാസമാണ്. പുതിയനിയമത്തിൽ ഇടയൻ എന്നു പറയുന്നത് യേശുക്രിസ്തുവിന്റെ ഇടയ ശുശ്രൂഷയെ കാണിക്കുവാനാണ്.

ഇടയൻ അഥവാ പാസ്റ്റർ എന്ന പദം ഗ്രീക്കിൽ 'പൊയിമെൻ' (Poimen) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്ക് പുതിയനിയമത്തിൽ 18 ലധികം പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അവിടെയെല്ലാം ഇടയൻ എന്നർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. പൊയിമെൻ എന്ന ഗ്രീക്ക് പദത്തിന്റെ തത്തുല്യമായ ലത്തീൻപദം pasture or pastore എന്ന വാക്കാണ്, ഇന്നത്തെ പാസ്റ്റർ ഈ വാക്കിൽ നിന്നും വന്നതാണ്. ഇതിന്റെ അർത്ഥം ആടുകളെ മേയ്ക്കുന്ന ആട്ടിടയൻ എന്നാണ്. പഴനിയമത്തിൽ ഇടയൻ എന്ന വാക്ക് പല അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. യിസ്രായേൽജനവും ദൈവവുമായുള്ള ബന്ധത്തെയും, യിസ്രായേൽ ജനത്തെ പോഷിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു എന്ന അർത്ഥത്തിലും യെശയ്യാവ്, യിരെമ്യാവ്, യെഹസ്ക്കേൽ മുതലായ പ്രവാചകന്മാർ നല്ല ഇടയനായ ക്രിസ്തുവിനെക്കുറിച്ച് പ്രവചനആത്മാവിലും പ്രസ്താവിച്ചിരിക്കുന്നു. യെഹ. 34:11-15. പുതിയനിയമത്തിൽ യേശുവിനോടുള്ള ബന്ധത്തിലും ശിഷ്യന്മാരെ ഇടയന്മാരായി നിയോഗിക്കുന്ന ബന്ധത്തിലും ഉപയോഗിച്ചിട്ടുണ്ട്. യോഹ. 10:1-16, യോഹ. 21:15-16. ഇടയന്മാരെ നിയമിക്കുന്നത് പലവിധത്തിലാണ്, സ്വയം ഇടയന്മാർ ആയവർ, മനുഷ്യരാൽ നിയോഗിക്കപ്പെട്ട ഇടയന്മാർ, ദൈവത്താൽ നിയോഗിക്കപ്പെട്ട ഇടയന്മാർ, യഥാർത്ഥത്തിൽ സ്വയം നിയമിക്കപ്പെട്ട ഇടയന്മാരും മനുഷ്യരാൽ നിയമിക്കപ്പെട്ട ഇടയന്മാരും ദൈവസഭയ്ക്കു ദോഷമേ ചെയ്യുകയുള്ളൂ. ദൈവത്താൽ നിയോഗിക്കപ്പെട്ട ഇടയന്മാർ ആടുകളെ സംരക്ഷിക്കുകയും സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യും. ഇടയന്മാർ ആടുകളെ പച്ചയായ പുൽപ്പുറങ്ങളിലും സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്കും നടത്തും. ശത്രുക്കളുടെ കൈയിൽ നിന്നും പ്രാണികളിൽ നിന്നും ആടുകളെ രക്ഷിക്കുവാൻ കടപ്പെട്ടവനും ബാധ്യസ്ഥനുമാണ്. ആയതുപോലെ ഒരു പാസ്റ്റർ ഒരു ഇടയനെപ്പോലെ സത്യവചനത്താൽ ദൈവജനത്തെ പോഷിപ്പിക്കുകയും ദുരുപദേശങ്ങളിൽപെടാതെ സംരക്ഷിക്കുകയും കാത്തു സൂക്ഷിക്കുകയും ചെയ്യണം. കൂടാതെ പ്രതിസന്ധിയിലും കഷ്ടതയിലും സഹായിക്കുകയും ഉൾക്കരുത്തില്ലാത്തവരേയും ബലഹീനരേയും താങ്ങുകയും വഴിതെറ്റിപ്പോകുന്നവരെ ശിക്ഷണത്തിലൂടെ നേർപാതയിൽ കൊണ്ടുവരുകയും ചെയ്യുന്നവനാണ് ഒരു യഥാർത്ഥ ഇടയൻ. ഒരു ഇടയൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനും വിളിക്കപ്പെട്ടവനും ശുശ്രൂഷയുടെ വേലയ്ക്കായി ഒരുക്കപ്പെട്ടവനും ആയിരിക്കണം. ഇടയശുശ്രൂഷ വെറുതെ ഒരു പേരിനുവേണ്ടി മാത്രമുള്ള ശുശ്രൂഷയല്ല. മറിച്ച് യേശുവിന് തന്റെ ആടുകളോടുള്ള സ്നേഹത്തെ പ്രതിഫലിപ്പിക്കുന്ന സ്ഥാനപ്പേരാണ്. ഇടയപാലനം നടത്തുന്നവർ എപ്പോഴും ചിന്തിക്കേണ്ടത് യേശുവാകുന്ന ഇടയന്റെ പാഠശാലയിലെ ബിരുദധാരികളാണ് തങ്ങൾ എന്നും ആ ബിരുദത്തിന്റെ മാന്യത നിലനിർത്തുന്ന ജീവിതനിലവാരവും ശുശ്രൂഷയും കാഴ്ചവയ്ക്കുകയും ചെയ്യുന്നവർ ആകണം. ഒരു ഇടയൻ തന്റെ കുഞ്ഞാടുകളെ അറിയണം, യോഹ. 10:3-5, സ്നേഹിക്കണം, ഗലാ. 5:13, തീറ്റിപ്പോറ്റണം, മർക്കൊ. 6:34. ഒരു സഭയുടെ വികസനവും അഭിവൃദ്ധിയും അതിന്റെ വളർച്ചയും അവിടുത്തെ ആത്മീക തീഷ്ണതയോടുകൂടി പ്രവർത്തിക്കുന്ന ശുശ്രൂഷകനെ ആശ്രയിച്ചിരിക്കുന്നു.



സഭയാകുന്ന ആട്ടിൻകൂട്ടത്തെ മേയ്ക്കുകയും തീറ്റിപ്പോറ്റുകയുമാണ് ഇടയശുശ്രൂഷയുടെ ഉദ്ദേശ്യം. രുചികരമായ നിലയിൽ ആഹാരം പാകം ചെയ്താൽ ആടുകൾ ഭക്ഷിക്കും, തിന്നു തൃപ്തരാകും, പച്ചയായ പുൽപ്പുറങ്ങളിൽ കിടക്കുന്ന ആടുകൾക്കു പച്ചപ്പുല്ല് തിന്നു വയറു നിറയണം, വയറുനിറയെ തീറ്റികിട്ടിയില്ലെങ്കിൽ ആടുകൾ നല്ല തീറ്റിയുള്ള സ്ഥലത്തേക്ക് പോകും, അത് ആടിന്റെ തെറ്റല്ല, സഭയാകുന്ന ആടുകൾക്ക് സംതൃപ്തിയോടെ ഭക്ഷിപ്പാൻ കൊടുക്കേണ്ടത് ഇടയന്റെ ജോലിയാണ്, ഇല്ലെങ്കിൽ ആഹാരം കിട്ടുന്ന മറ്റു സഭകളിലേക്കോ കൂട്ടായ്മയിലേക്കോ ആടുകൾ പൊയ്ക്കളയും.

**ഇടയന്റെ പ്രത്യേകതകൾ**

1. ആടുകളെ പേർചൊല്ലിവിളിക്കുന്നു, യോഹ. 10:3

– തുടർച്ച –

2. ആടുകൾക്കുമുമ്പായി നടക്കുന്നു, യോഹ. 10:4
3. ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കുന്നു, യോഹ. 10:11
4. ആടുകളെ അറിയുന്നു, യോഹ. 10:14
5. ആടുകളെ ശത്രുക്കളിൽ നിന്നും സംരക്ഷിക്കുന്നു, യോഹ. 10:28
6 ആടുകളെ വാസ്തവമായി സ്നേഹിക്കുന്നു
7. ആടുകളെ അന്വേഷിക്കുന്നു
8. കാണാതെ പോയതിനെ തിരഞ്ഞ് രക്ഷിക്കുന്നു, ലൂക്കോ 15:48
9. തോളിൽ വഹിക്കുന്നു
10. വീട്ടിൽ എത്തിക്കുന്നു.

**ഇടയന്റെ ചുമതലകൾ**

1. ആടുകളെ മേയ്ക്കണം, യെഹ. 34:2, 8-10, 1 പത്രോ.5:2
2. ബലഹീനമായതിനെ ശക്തീകരിക്കണം, 1 തെസ്സ. 5:14
3. ദീനം പിടിച്ചതിനെ ചികിത്സിക്കണം, യെഹ. 34:4
4 ഒടിഞ്ഞതിന്റെ മുറിവ് കെട്ടണം, എബ്രാ. 12:12-13, 13:17
5. ചിതറിപ്പോയതിനെ തിരിച്ചു വരുത്തണം, യെഹ. 34:12
6. ദൈവവചനത്തിലൂടെ പോഷിപ്പിക്കണം
7. സഭാംഗങ്ങളെ ശുശ്രൂഷിക്കുക
8. സഭയുടെ സാമ്പത്തീകവും ആത്മീകവുമായ കാര്യങ്ങൾക്കു മേൽനോട്ടം കൊടുക്കുക
9. സഭയുടെ വരവ് ചെലവ് കാര്യങ്ങളുടെ ചുമതലകൾ നടത്തുക
10. സാധുക്കളെ ശുശ്രൂഷിക്കുക
11. സഭയുടെ വസ്തുവകകൾ സൂക്ഷിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുക
12. സഭയുടെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുക. (തുടരും..)

ചോദ്യോത്തര വേദി

# ജോജി ടി. സാമുവേലിന്റെ തെറ്റായ വചനവ്യാഖ്യാനം



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

*ചോദ്യം:* മലയാള മനോരമ ദിനപത്രത്തിന്റെ അസിസ്റ്റന്റ് എഡിറ്ററും, **'ജീവമൊഴികൾ'** ക്രിസ്തീയ മാസികയുടെ എഡിറ്ററുമായ ജോജി ടി. സാമുവേൽ, ഒരു ക്രിസ്തീയ പത്രത്തിന്റെ എഡിറ്ററുമായി നടത്തിയ ദീർഘ അഭിമുഖസംഭാഷണം, 'പെന്തെക്കോസ്തിൽ നിന്ന് മുന്നോട്ട്' എന്ന തലക്കെട്ടോടുകൂടി ഒരു പുസ്തകമാക്കിയിരിക്കുന്നു. ഒരു പുസ്തകം വായനയ്ക്ക് തരുന്നു. പുസ്തകത്തിൽ അടിസ്ഥാന ക്രിസ്തീയവിശ്വാസവുമായി എന്തെങ്കിലും പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ പ്രതികരിക്കുക.

**– എം. വി. ഫിലിപ്പ്, പായിപ്പാട്, ഹരിപ്പാട്**

*ഉത്തരം:* യേശു പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുമാണ് എന്ന് പുസ്തകത്തിലുണ്ട്. പൂർണ്ണ മനുഷ്യൻ എന്നുള്ളതിന്റെ അർത്ഥം ഗ്രഹിക്കാതെയാണ് ജോജി ടി. സാമുവേൽ പുസ്തകം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. യേശുവിന്റെ ശരീരവും രക്തവും നമ്മുടേതുപോലെയാണെന്ന് അദ്ദേഹം ധരിച്ചിരിക്കുന്നു. അതിനാൽ പാപസ്വഭാവം യേശുവിൽ ഉല്പാദിതമാകാമായിരുന്നു എന്നദ്ദേഹം വിശ്വസിക്കുന്നു.

പൂർണ്ണ മനുഷ്യൻ എന്നുദ്ദേശിക്കേണ്ടത് ആദാം പാപം ചെയ്യുന്നതിന് മുമ്പുള്ള ആദാമിന്റെ ശരീരഘടനയാണ്. വിശ്വാസികളായ നാമെല്ലാം ഇടയ്ക്കിടെ പാപസ്വഭാവം പ്രകടിപ്പിക്കുന്നത് പാപം ചെയ്തശേഷമുള്ള ആദാമിന്റെ സന്തതികളായി ജനിക്കുന്നതുകൊണ്ടാണ്. അതായത് യേശുവിന്റെ ശരീരത്തിന് പാപം ചെയ്ത ആദാമ്യ ശരീരരക്തവുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. "ഒന്നാമത്തെ മനുഷ്യൻ (ആദാം) ഭൂമിയിൽ നിന്ന് മണ്ണുകൊണ്ടുള്ളവൻ ആകുന്നു; രണ്ടാമത്തെ മനുഷ്യൻ (യേശു) സ്വർഗ്ഗത്തിൽ നിന്നുള്ളവൻ ആകുന്നു.....നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിരൂപം ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ പ്രതിരൂപവും ധരിക്കും" (1 കൊരി 15:47-49). യേശുവിന്റെ ശരീരരക്തം നമ്മുടേതിൽ നിന്ന് വ്യത്യസ്തമായതുകൊണ്ടാണ്, യേശു **'മനുഷ്യസാദൃശ്യത്തിലാ**യെന്നും **മനുഷ്യരൂപത്തിൽ** തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു' എന്നെഴുതിയിരിക്കുന്നത് (ഫിലിപ്പ്യർ 2:8). '......ദൈവം തന്റെ പുത്രനെ പാപകരമായ നമ്മുടെ **ശരീരത്തിന്റെ സാദൃശ്യത്തിലും** നമ്മുടെ പാപവും നിമിത്തവും അയച്ച്, നമ്മുടെ പാപത്തിന് യേശുവിന്റെ പാപരഹിതമായ ശരീരത്തിൽ ശിക്ഷ വിധിച്ചു (റോമർ 8:3, സ്വതന്ത്രപരിഭാഷ).

സ്വയമേ പാപം ഉല്പാദിതമാകാത്ത യേശുവിന്റെ ശരീരത്തിനെ സാത്താന്റെ പ്രലോഭനം അഭിമുഖീകരിക്കുവാൻ ആത്മാവ് മരുഭൂമിയിലേക്ക് നടത്തി (മത്തായി 4:1-10). സ്വതന്ത്ര ഇച്ഛാശക്തിയുള്ള **ഒരു പൂർണ്ണമനുഷ്യന്** ദൈവഹിതപ്രകാരം നിലനിൽക്കാൻ കഴിയുമെന്ന് യേശു തെളിയിച്ചു. ഒന്നാമത്തെ പൂർണ്ണമനുഷ്യൻ പരാജയപ്പെട്ടിടത്ത് രണ്ടാമത്തെ പൂർണ്ണമനുഷ്യൻ വിജയിച്ചു. എന്നാൽ ജന്മനാ പാപസ്വഭാവത്തിൽ ജനിക്കുന്ന ആദാമ്യ സന്തതികളായ നാം പ്രലോഭനങ്ങളിൽ ആകർഷിക്കപ്പെട്ട് ജഡത്തിന്റെ പ്രവർത്തികൾ ചെയ്യാൻ സാദ്ധ്യതയുണ്ട്. സാഹചര്യം അനുകൂലമായാൽ മതി. അതുകൊണ്ടാണ് ദുഷ്ടന്റെ (സാത്താന്റെ) പ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കാൻ ആദാമ്യസന്തതികൾ പ്രാർത്ഥിക്കണമെന്ന് യേശു പഠിപ്പിച്ചത്. ആദാമ്യസന്തതികളിൽ ആർക്കെങ്കിലും പാപം ഇല്ല എന്നു പറയുന്നുവെങ്കിൽ അവൻ സ്വയം വഞ്ചിക്കുന്നു; സത്യം അവനിലില്ല (1 യോഹ. 1:8). യേശുവിന് നമ്മുടെ ജഡരക്തമായിരുന്നുവെങ്കിൽ പാപം സ്വയമേ ജനിക്കുമായിരുന്നു.

നമ്മുടെ ചിന്തകളും നിരൂപണങ്ങളും ദൈവഹിതപ്രകാരമാക്കുവാൻ വിശ്വാസികളായ ആദാമ്യസന്തതികൾ പാടുപെടുമ്പോൾ (2 കൊരി 10:5), യേശുവിന് ആ പ്രശ്നമില്ലായിരുന്നു. ചിന്തകളും നിരൂപണങ്ങളും വാക്കുകളും പ്രവർത്തികളും ദൈവഹിതപ്രകാരമാക്കുമ്പോൾ മറ്റുള്ളവർ നമ്മെ തെറ്റിദ്ധരിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യും. ശുശ്രൂഷയുടെ ആരംഭത്തിൽ തന്നെ സ്വന്തം വീട്ടുകാർതന്നെ യേശുവിന് മനോവിഭ്രാന്തിയുണ്ടെന്ന് പറഞ്ഞ് യേശുവിനെ പിടിച്ചുകെട്ടുവാൻ ചെന്നു (മർക്കൊസ് 3:21).

യേശുവിന് തന്റെ മനുഷ്യത്വത്തിൽ എന്നെങ്കിലും പാപസ്വഭാവം ഉല്പാദിതമാകുവാൻ സാദ്ധ്യതയുണ്ടായിരുന്നെങ്കിൽ മനുഷ്യരുടെ പാപങ്ങൾ മോചിപ്പിക്കുവാനുള്ള ധാർമ്മികമായ അവകാശം പ്രകടിപ്പിക്കാൻ തന്റെ ശുശ്രൂഷാകാലത്ത് യേശുവിന് കഴിയില്ലായിരുന്നു. പാപം ചെയ്യാതെ ശുശ്രൂഷ തികച്ച് മരിച്ച് ഉയിർത്തെഴുന്നേറ്റ ശേഷമേ പാപമോചനത്തിനുള്ള അവകാശം ഉണ്ടാകുമായിരുന്നുള്ളൂ.

എന്നാൽ കഷ്ടതയോടുള്ള ബന്ധത്തിൽ ദാഹിക്കുകയും വിശക്കുകയും വേദനയനുഭവിക്കുവാനും കഴിവുള്ള യേശുവിന്റെ പാപരഹിത ശരീരത്തിന് അതിൽ നിന്നുള്ള വിടുതൽ ആഗ്രഹിച്ചിരുന്നു, പ്രാർത്ഥിച്ചിരുന്നു. ഗത്സമനേ തോട്ടത്തിൽ യേശുവിന്റെ പ്രാർത്ഥന വരാൻ പോകുന്ന ശാരീരിക മാനസിക കഷ്ടപ്പാടുകളിൽ നിന്നുള്ള വിടുതലിന് വേണ്ടിയായിരുന്നു. വേദനകൂടിയുള്ള പ്രാർത്ഥനയ്ക്ക് ഉത്തരമായി സ്വർഗ്ഗം ഒരു ദൂതനെ അയച്ച് ശക്തിപ്പെടുത്തി(ലൂക്കോസ്22:43). അതിനുപകരം യേശുവിന് **എപ്പോഴും** ജഡത്തിൽ സ്വന്തം ഇഷ്ടം ഉണ്ടായിരുന്നെന്നും അത് പിതാവിന്റെ ഇഷ്ടത്തിന് വിപരീതമായിരുന്നെന്നും പറഞ്ഞ് ജോജി ടി. സാമുവേൽ പർവ്വതീകരിക്കേണ്ട ആവശ്യമൊന്നുമില്ല.

കൂടാതെ യേശു എന്ന പൂർണ്ണമനുഷ്യൻ ആദാമ്യമനുഷ്യരുടെ എല്ലാ പ്രശ്നങ്ങളിലും അതാത് സമയത്ത് താതാന്മ്യം പ്രാപിച്ചിരുന്നു. കഷ്ടപ്പാടുകളും മരണവും വരുത്തിവയ്ക്കുന്ന ദുഃഖവും വേദനയും യേശുവും അനുഭവിച്ചിരുന്നു. തന്റെ സുഹൃത്തായ ലാസറിനെ ഉയർപ്പിക്കാൻ പോകുകയാണെന്ന വസ്തുത അറിയാമായിരുന്ന യേശു, നടക്കാൻ പോകുന്ന വലിയ സംഭവം ഓർത്ത് സന്തോഷിക്കാതെ, ലാസറിന്റെ വീട്ടിൽ വന്നപ്പോൾ യേശു വികാരാധീനനായി. യേശുവിന്റെ ഉള്ളം കലങ്ങി. യേശു കണ്ണുനീർ വാർത്തു. അവരുടെ ദുഃഖത്തിൽ പങ്കാളിയായി (യോഹ. 11:33,35). ലാസറിനെ ഉയർപ്പിച്ചതോടുകൂടി യേശുവിന് കഷ്ടതകൂടി. 'അന്നു മുതൽ അവർ അവനെ കൊല്ലുവാൻ ആലോചിച്ചു. അതുകൊണ്ട് യേശു പിന്നീട് യെഹൂദന്മാരുടെ ഇടയിൽ പരസ്യമായി നടക്കാതെ മരുഭൂമിയ്ക്കരികെ എഫ്രയീം എന്ന സ്ഥലത്തു പോയി പാർത്തു' (യോഹന്നാൻ 11: 53, 54). വചനം ഇപ്രകാരം രേഖപ്പെടുത്തുന്നു. 'നന്മ ചെയ്തിട്ടു **കഷ്ടത** സഹിച്ചാൽ അത് ദൈവത്തിനു പ്രസാദമാകുന്നു. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടത അനുഭവിച്ചു; **നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃകവെച്ചിട്ട് പോയിരിക്കുന്നു" (1 പത്രോസ് 2:21).** ഭക്തിയോടെ ജീവിക്കുന്നവനെല്ലാം കഷ്ടത ഉണ്ടാകും (2 തിമൊ. 3:12). ദൈവഹിതപ്രകാരമുള്ള കഷ്ടത സഹിഷ്ണതയെ ഉളവാക്കുന്നു (റോമർ 5:3,4). സഹിഷ്ണത വിശ്വാസിയിൽ ക്രിസ്തുഭാവം വെളിപ്പെടുവാൻ കാരണമാകുന്നു.

പൂർണ്ണമനുഷ്യൻ എന്നതിന്റെ അർത്ഥം ജോജി ടി. സാമുവേൽ തെറ്റായി ഗ്രഹിച്ചതുകൊണ്ടാണ് യേശുവിന് ജീവിതത്തിൽ ഉടനീളം പിതാവിന്റെ ഇഷ്ടത്തിന് വിപരീതമായി സ്വന്തം ഇഷ്ടം ഉണ്ടായിരുന്നെന്നും, പാപസ്വഭാവം എപ്പോൾ വേണമെങ്കിലും ഉല്പാദിതമാകാമായിരുന്നെന്നും അതെല്ലാം പ്രാർത്ഥനകൊണ്ടും ഉറച്ച നിലവിളികൊണ്ടും മാറ്റിയെടുക്കുകയായിരുന്നെന്നും ധരിച്ച് വശായിരിക്കുന്നത്. "മറ്റുള്ളവരുടെ (യേശുവിന്റെയല്ല) അധർമ്മത്തോട്, അനീതിയോട്, പാപത്തോട് പോരാടുന്നതിൽ **പ്രാണത്യാഗത്തോളം എതിർത്തുനിന്ന** വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക..." (എബ്രായർ 12:1-4 സ്വതന്ത്രപരിഭാഷ). എന്നാൽ ജോജി ടി. സാമുവേൽ ഈ വചനം മനസ്സിലാക്കിയിരിക്കുന്നത് യേശുവിന്റെ **സ്വന്ത ഇഷ്ടത്തിനെതിരെയുള്ള പോരാട്ടത്തിൽ പ്രാണത്യാഗത്തോളം എതിർത്തുനിന്ന** യേശു നമുക്ക് മാതൃകയാണെന്നാണ് (പേജ് 34, പെന്തെക്കോസ്തിൽ നിന്ന് മുന്നോട്ട്). അതായത് യേശുവിന് ജീവിതത്തിൽ ഉടനീളം പോരാട്ടമുണ്ടായിരുന്നത് സ്വന്തം ഇഷ്ടത്തോടായിരുന്നെന്നാണ്. യേശു പാപം ചെയ്യാതിരുന്നത് സ്വന്തം ഇഷ്ടത്തിനോട് വേണ്ടാ എന്നുപറഞ്ഞ് ജഡത്തിൽ ഉടനീളം കഷ്ടത അനുഭവിച്ചതുകൊണ്ടായിരുന്നു എന്നദ്ദേഹം സമർത്ഥിക്കുന്നു. **രണ്ടാമത്തെ ആദാമിന്റെ** ശരീരത്തെയും രക്തത്തെയും വെറും സാധാരണവൽക്കരിച്ചതുകൊണ്ടാണ് ജോജി ടി. സാമുവേലിന് ഈ അബദ്ധം പറ്റിയിരിക്കുന്നത്. എന്നാൽ പുസ്തകത്തിലെ മറ്റു പലചിന്തകളും ആശയങ്ങളും അപ്പൊസ്തലികമാണ്.

**അടിക്കുറിപ്പ്:** ഓർത്തഡോക്സ് യാക്കോബായ കത്തോലിക്കാ പെരുന്നാൾ പ്രസംഗകരുടെ സ്ഥിരം വിഷയം കന്യകാമറിയമാണ്. അപ്പൊസ്തലികമല്ലാത്തത് വിശ്വാസസത്യമായി പ്രഖ്യാപിച്ച് അവർ പ്രതിരോധത്തിലായിപ്പോയി. അതുകൊണ്ട് ആ വിഷയം അവർക്ക് സ്ഥിരമായി പ്രസംഗിച്ചേ പറ്റൂ. അതുപോലെ ഈ വിഷയം ജോജി ടി. സാമുവേൽ ക്രമീകരിച്ചില്ലെങ്കിൽ, അവരെപ്പോലെ ജോജി ടി. സാമുവേലും തന്റെ ജീവിതാവസാനം വരെ **രണ്ടാമത്തെ ആദാമിന്റെ** മനുഷ്യത്വത്തെ തുച്ഛീകരിക്കാൻ നിർബ്ബന്ധിതനായിക്കൊണ്ടിരിക്കും.

11 ## ന്യൂ ജനറേഷൻ......

പങ്ക് വലുതാണെങ്കിലും ചില പ്രവണതകളെങ്കിലും അംഗീകരിക്കാൻ കഴിയാത്തതാണ്.

ആദ്യകാലത്ത് സഭകളുടെയും യുവജനസംഘടനകളുടെയുമൊക്കെ പേരിലാരംഭിച്ച 'ഗ്രൂപ്പു'കളും 'പേജു'കളുമൊന്നും സജീവമായിരുന്നില്ല. കൺവൻഷൻ പോസ്റ്ററുകളും വാക്യങ്ങളുമൊക്കെ ഷെയർ ചെയ്യുന്നതിലൊരുങ്ങിയിരുന്നു നമ്മുടെ ഇടപെടലുകൾ. 'ന്യൂ ജനറേഷൻ' എന്ന പേരിൽ പുതിയ ഗ്രൂപ്പുകൾ കൂടി കളത്തിലെത്തിയതോടു കൂടിയാണ് സ്ഥിതിയൊക്കെ മാറിയത്. ഫേസ്ബുക്കും യൂട്യൂബുമൊക്കെ ആശയപ്രകാശനത്തിന്റെയും ചർച്ചകളുടെയും വേദികളായി മാറി. ആശയ സമ്പുഷ്ടമായ എത്രയെത്ര ചർച്ചകൾക്കാണ് ഫേസ്ബുക്ക് 'വാളു'കൾ സാക്ഷ്യം വഹിച്ചത്. നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തി പ്രസംഗങ്ങളും വീഡിയോകളും 'അപ്ലോഡ്' ചെയ്തവർക്ക് അവ കൈവിട്ടു പോകുന്നതും കാണേണ്ടിവന്നു.

നവമാധ്യമങ്ങളിൽ 'എഡിറ്റർ' എന്നൊരാളില്ലാത്തതിന്റെ ദുരന്തഫലമായിരുന്നു. പിന്നീട് വ്യക്തിപരമായ അധിക്ഷേപങ്ങളുടെയും കളിയാക്കലുകളുടെയും വേദിയായി ഇവിടം മാറി.

വ്യാജപ്രചരണങ്ങളുടെ ഇടങ്ങളായും നവമാധ്യമങ്ങൾ മാറി. വർഷങ്ങൾ മുമ്പ് കോട്ടയം ഐപിസി തിയോളജിക്കൽ സെമിനാരിയിൽ നടന്ന കൾച്ചറൽ പ്രോഗ്രാമിന്റെ ചിത്രം 'തിരുവാതിരക്കളി' എന്ന പേരിൽ പ്രചരിച്ചതും, സഭാ നേതാക്കന്മാർ ഓണസദ്യയുണ്ണുന്നു എന്ന പേരിൽ ചിത്രം പ്രചരിപ്പിച്ചതും അടുത്ത കാലത്തായിരുന്നു. ആശയപരമായ സംവാദങ്ങൾക്കുപരി വ്യക്തി വൈരാഗ്യം തീർക്കുന്നതിനും, പരസ്പരം ചെളിവാരിയെറിയുന്നതിനുമൊക്കെയുള്ള വേദികളായി നവമാധ്യമങ്ങൾ മാറുന്നത് അത്യന്തം ദുരിതപൂർണ്ണമായ കാഴ്ചയാണ് നിക്ഷ്പക്ഷമതികൾക്ക് നൽകുക. പെന്തെക്കോസ്ത് ഗ്രൂപ്പുകളിലെ 'കമന്റുകളിൽ' നിറയുന്ന തെറിയഭിഷേകവും വംശീയാധിക്ഷേപവും പ്രത്യേകിച്ചും.

പെന്തെക്കോസ്ത് ഗ്രൂപ്പുകളിൽ എങ്ങനെയും ആളെച്ചേർക്കുന്നതിന് നടത്തുന്ന സെൽഫ് പ്രമോഷനുകളിലൂടെ അംഗസംഖ്യ ഉയർത്തുന്നവർ, അറിഞ്ഞോ അറിയാതെയോ പെന്തെക്കോസ്തുമായോ വിശ്വാസവുമായോ യാതൊരു ബന്ധവുമില്ലാത്തവരെപ്പോലും സ്വകാര്യ ഗ്രൂപ്പുകളിൽ അംഗങ്ങളാക്കുന്നുവെന്നത് ഒരു അപകടകരമായ യാഥാർത്ഥ്യമാണ്. സഭാ രാഷ്ട്രീയവും ഉപദേശ വിഷയങ്ങളുമൊക്കെ ചർച്ചയാകുന്ന സ്വകാര്യ ഗ്രൂപ്പുകളിൽ വ്യാജ പ്രൊഫൈലുണ്ടാക്കി നുഴഞ്ഞു കയറുന്ന സുവിശേഷ വിരോധികൾ സൃഷ്ടിക്കുന്ന പ്രതിസന്ധി ഭയങ്കരമാണ്. വരുന്ന 'റിക്വസ്റ്റു'കളുടെ 'പ്രൊഫൈലു'കളെങ്കിലും ഒന്നു മനസ്സിരുത്തി വായിക്കുവാൻ അഡ്മിനുകൾ ക്ഷമ കാണിച്ചിരുന്നുവെങ്കിൽ ഈ പ്രശ്നങ്ങൾ എളുപ്പത്തിൽ ഒഴിവാക്കാമായിരുന്നു. ഈ നുഴഞ്ഞു കയറ്റക്കാർ ഗ്രൂപ്പു ചർച്ചകളിൽ ഇടപ്പെടുന്നുവെന്നതും ചർച്ചകളെ വഴി തിരിച്ചു വിടുന്നുവെന്നതും ഗൗരവമായി കാണേണ്ടതാണ്.

പെന്തെക്കോസ്തിന്റെ ദൗത്യം തിരിച്ചറിയേണ്ട സമയമായിരിക്കുന്നു. നവമാധ്യമങ്ങളുടെ കാലമാണിതെന്ന് തിരിച്ചറിഞ്ഞ് സുവിശേഷത്തിന്റെ ശക്തി പ്രഘോഷിക്കുന്ന ചർച്ചകൾ നവമാധ്യമങ്ങളിൽ നിറയട്ടെ. സഭാനേതൃത്വങ്ങളും യുവജനക്കൂട്ടായ്മകളും ഇതിൽ മുൻകൈയ്യെടുക്കേണ്ടിയിരിക്കുന്നു. യുവജനങ്ങൾ വഴിതെറ്റാതിരിക്കുവാൻ പ്രാപ്തരാക്കുക മാത്രമല്ല അനേകർക്ക് വഴികാട്ടികളാകുവാൻ പ്രാപ്തരാക്കുക കൂടിയാകണം നമ്മുടെ ലക്ഷ്യം. മറിച്ചാണെങ്കിൽ 'ഫേസ്ബുക്ക്' എന്ന ബുക്ക് എവിടെ കിട്ടും എന്ന് നാമന്വേഷിച്ച് തുടുങ്ങുമ്പോഴേക്കും നമ്മുടെ യുവജനങ്ങൾ ബഹുകാതം ദൂരത്തെത്തിയിരിക്കും.

## നോർത്ത് മലബാർ സണ്ടേസ്കൂൾ ക്യാമ്പ് സമാപിച്ചു



**പരിയാരം:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നടന്ന നോർത്ത് മലബാർ ക്യാമ്പ് സമാപിച്ചു. ഒക്ടോബർ 23,24 തീയതികളിൽ കണ്ണൂർ മൗണ്ട് പാരാൻ ബൈബിൾ സെമിനാരിയിൽ നടന്ന ക്യാമ്പ് സോണൽ പ്രസിഡന്റ് പാസ്റ്റർ ബിനു പി ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് സെക്രട്ടറി പ്രൊഫ. ബ്ലസൻ ജോർജ്ജ് ഉത്ഘാടനം ചെയ്തു. മെറിറ്റ് & സ്കോളർഷിപ്പ് അവാർഡുകൾ വിതരണം ചെയ്തു.

ജീസസ് യുവർ മോട്ടീവ് പവർ (JUMP) എന്നതായിരുന്നു ക്യാമ്പ് തീം. ഗാന പരിശീലനം, ഗെയിമുകൾ, കൗൺസിലിംഗ് ക്ലാസ്സുകൾ, ടാരി മിറ്റിംഗ്, മിഷൻ ചലഞ്ച് എന്നിവ ക്യാമ്പിന്റെ പ്രത്യേകതയായിരുന്നു.

പ്രൊഫ. എം. കെ. ശാമുവേൽ പാസ്റ്റർമാരായ സാലു വർഗ്ഗീസ്, സജി കെ. പി., പി. വി. മാത്യു, പി. എം. മാത്യു എന്നിവർ പ്രസംഗിച്ചു. സോണൽ സെക്രട്ടറി പാസ്റ്റർ പ്രസാദ് ആൻഡ്രൂസ് നേതൃത്വം നൽകി.

നോവൽ

# കാൽവറിയുടെ ഉയരങ്ങൾ

അദ്ധ്യായം - 30



സുനിൽ വർഗീസ്,
ബാംഗ്ലൂർ

നീലമുടിയുടെ ആകാശം മൂടിക്കെട്ടിക്കിടന്നു. കഴിഞ്ഞ ദിവസമാണ് നീലമുടിയുടെ വടക്കു ഭാഗത്ത് ഉരുൾ പൊട്ടിയത്. ആൾപ്പാർപ്പില്ലാത്ത സ്ഥലമായിരുന്നിട്ടു കൂടി കഞ്ചാവു തോട്ടത്തിൽ പണിയെടുത്തിരുന്ന കുറേ പേർ ആ കുത്തൊഴുക്കിൽ പെട്ട് കാണാതാകുകയും ചിലർ മരണപ്പെടുകയും ചെയ്തു. മാത്രമല്ല, നീലമുടിയിലെ ഗ്രാമങ്ങളിലൂടെ മലവെള്ളപ്പാച്ചിൽ ഉണ്ടാകുമെന്നും വലിയ നാശങ്ങൾക്ക് മുന്നോടിയായിട്ടാണ് കഴിഞ്ഞ ദിവസം ഉരുൾ പൊട്ടിയതെന്നും, എല്ലാറ്റിലുമുപരി മലമുത്തിയുടെ രോക്ഷം ഭയാനകമാകുകയാണെന്നും മറ്റും കുമ്മാശ്ശൻ പ്രവചിച്ചുവത്രെ. മൂപ്പൻ ഇപ്പോൾ കുമ്മാശ്ശന്റെ ഭാഗത്താണ്. നരബലിയാണ് പരിഹാരമെന്ന് കുമ്മാശ്ശനിലൂടെ മലമുത്തി കല്പിച്ചിരിക്കുന്നു. ഇങ്ങനെ മലമുത്തിയെ കോപിപ്പിക്കുന്നത് തുടർന്നാൽ നീലമുടി തന്നെ ഇല്ലാതാകുമെന്ന കുമ്മാശ്ശന്റെ വാദം മൂപ്പനെ ഭയപ്പെടുത്തി കാണും. ഒരോരുത്തരായി പറയുന്ന കാര്യങ്ങൾ കേട്ട് ആൽബർട്ട് ഞെട്ടിത്തരിച്ച് നിന്നു.

ആൽബർട്ടിന്റെ കുടമ്പ് ശരിയാക്കാൻ കഴിയാത്ത വിധം കറമ്പനും മറ്റും തകർത്തു കളഞ്ഞിരുന്നു. രാജീവിന്റേയും മറ്റുള്ളവരുടേയും കൂടെ ദൈവപ്പിരയിലേക്ക് നടക്കുമ്പോൾ എന്തുചെയ്യണമെന്നറിയാതെ ആൽബർട്ട് വലയുകയായിരുന്നു. ഇന്നലെ രാജീവ് പറഞ്ഞതു പോലെ, ആ പഴയ കോളജ് കാലത്തെ ആൽബർട്ടായി, കുമ്മാശ്ശനേയും കൂട്ടാളികളേയും അടിച്ചു നിരത്താനാണ് ആദ്യം തോന്നിയത്. ആൽബർട്ടിന്റെ ആ സ്വഭാവത്തിനും രീതിക്കും മുൻപിൽ ഒരു കുമ്മാശ്ശനും പിടിച്ചു നിൽക്കാൻ കഴിയുകയില്ല എന്ന് അയാൾക്ക് നല്ലവണ്ണം അറിയാമായിരുന്നു. എന്നാൽ അപ്പോൾ തോറ്റുപോകുന്നത് യേശുകർത്താവായിരിക്കും. ആക്രമത്തിലൂടെ കർത്താവിനെ പരിചയപ്പെടുത്താൻ കഴിയുകയില്ലല്ലോ. അങ്ങനെ ചെയ്താൽ, അതിലൂടെ മാതേവനും ചെറുമനും മറ്റുള്ളവർക്കും യേശുവിനെകുറിച്ചുള്ള തെറ്റിധാരണായാവും താൻ നൽകുക. യേശുകർത്താവ് സഹനവും സ്നേഹവുമാണെന്ന് ഇവർ മനസ്സിലാക്കിയിരിക്കുന്നത് മാറ്റാൻ പാടില്ല. കാട്ടാറിന്റെ അരികിലൂടെ നടക്കുമ്പോൾ മഴ ചാറുവാൻ തുടങ്ങിയിരുന്നു. എല്ലാവരും ദൈവപ്പിരയിലേക്ക് ഓടിക്കയറി.



ദൈവം കുട്ട്യേ നേരം ഇത്രയും ആയില്ലേ...പെണ്ണുങ്ങൾ കിഴങ്ങു പുഴുങ്ങിയത് കൊണ്ടുവന്നിട്ടുണ്ട്. മാതേവൻ ആൽബർട്ടിന്റെ അടുത്തേക്ക് വന്നു. നീ കഴിക്കുന്നോ....? ആൽബർട്ട് രാജീവിനെ നോക്കി. വിശക്കുന്നുണ്ട് പക്ഷേ ആദ്യം കാര്യങ്ങൾ ഒരു ക്രമത്തിലാവട്ടെ... രാജീവ് എല്ലാവരേയും നോക്കി. അപ്പോഴേക്കും കൂടിവന്നവർ മുഴുവൻ കൂട്ടം കൂടുമ്പോൾ ഇരിക്കാറുള്ളതു പോലെ ഇരുന്നു തുടങ്ങി. ആൽബർട്ട് എഴുന്നേറ്റു നിന്നു. യേശുവിന് സ്തോത്രം. കഴിഞ്ഞ കുറേ ദിവസങ്ങളായി ഞാൻ നിങ്ങളുടെ കൂടെ ഉണ്ടായിരുന്നില്ല. കാതറിൻ പറഞ്ഞതു പോലെ, എന്റെ വീട്ടിലെ ചില കാര്യങ്ങളുമായി ബന്ധപ്പെട്ട് ഞാൻ തിരക്കിലായി പോയി. അത് പറഞ്ഞു കൊണ്ട് അയാൾ മാതേവനെ നോക്കി. പെട്ടന്ന് തന്നെ മാതേവൻ മുഖം കുനിച്ചു കളഞ്ഞു. എന്നാൽ ഇപ്പോൾ നമ്മൾ അകപ്പെട്ടു നിൽക്കുന്ന പ്രശ്നങ്ങളിൽ നിന്ന് വിടുതൽ തരാൻ നമ്മുടെ യേശു അപ്പച്ചൻ ശക്തനാണ്. ഒരു മിനിട്ട് നിർത്തി ആൽബർട്ട് എല്ലാവരേയും നോക്കി. പ്രിയ സഹോദരങ്ങളെ, ഇപ്പോൾ നമ്മുടെ പ്രശ്നം, വരും ദിവസങ്ങളിൽ സംഭവിച്ചേക്കാം എന്ന് കുമ്മാശ്ശൻ പറയുന്ന ഉരുൾ പൊട്ടലോ ഇപ്പോൾ വീണു കൊണ്ടിരിക്കുന്ന മഴയോ അല്ല. നിങ്ങൾ ആകുലപ്പെടുന്നതു പോലെ, ചിലപ്പോൾ നടക്കാൻ സാദ്ധ്യതയുള്ള കുരുതിയാണ്. പിന്നെ കുമ്മാശ്ശനും കൂട്ടരും പിടിച്ചു കൊണ്ടു പോയ കാതറിനും. അവർ ചെയ്യുന്നതു പോലെ ആക്രമിച്ചു സാധിക്കുവാനാണെങ്കിൽ നമ്മുക്ക് വളരെ വേഗം കുമ്മാശ്ശനെ കീഴ്പ്പെടുത്താൻ കഴിയും. അത് പറഞ്ഞു കൊണ്ട് ആൽബർട്ട് രാജീവിനെ നോക്കി. രാജീവിൽ ഒരു ചിരി പടർന്നു. എന്നാൽ നമ്മുടെ ലക്ഷ്യം നീലമുടിയിൽ എല്ലാവരും യേശു അപ്പച്ചന്റെ സ്നേഹം അറിയുക എന്നതാണ്. ഇവിടെ ഉരുൾ പൊട്ടുവാൻ നമ്മുടെ യേശുഅപ്പച്ചൻ സമ്മതിക്കത്തില്ല. ഇവിടെ മഴ മൂലമുള്ള എല്ലാ പ്രശ്നങ്ങളും നമ്മുക്ക് പരിഹരിക്കുവാൻ കഴിയുന്നതേ ഉള്ളു. കഴിഞ്ഞ വർഷം ഇതിനെക്കാൾ ശക്ത്മായി മഴ ഉണ്ടായിരുന്നില്ലേ. എന്നിട്ട് നമ്മുടെ ആരുടെ എങ്കിലും വീട്ടിൽ ആഹാരം ഇല്ലാതെ ഇരുന്നുവോ. നമ്മുടെ എല്ലാ ആവശ്യങ്ങൾക്കും യേശുകർത്താവ് മതിയായവനാണ്. കഴിഞ്ഞ കൊല്ലം, പെരുമഴ വീണുകൊണ്ടിരുന്നപ്പോൾ നമ്മുടെ കുടമ്പുകൾ ചോർന്നു ആകെ നാം വലഞ്ഞു പോയപ്പോൾ പോലും നാം സന്തോഷത്തോടെ കഴിഞ്ഞു. ഇന്ന്, ഇന്നു തന്നെ നാം കാതറിനെ അന്വേഷിക്കണം. ഇത് കുമ്മാശ്ശന്റെ ഒരു തന്ത്രമാണ്. കാതറിൻ, ഞാൻ ഇല്ലാതിരുന്നപ്പോൾ നമ്മെ ഒരുപാട് സഹായിച്ചതല്ലേ...നമ്മളെ സഹായിക്കാൻ ആരു വരുന്നതും ഇഷ്ടമല്ലാത്ത കുമ്മാശ്ശൻ കുരുതിയുടെ പേരു പറഞ്ഞ് കാതറിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്നുവെന്ന് ഞാൻ സംശയിക്കുന്നു. അത് പറഞ്ഞപ്പോൾ തന്നെ ആൽബർട്ടിന്റെ കണ്ണുകൾ നിറഞ്ഞു. അത് കണ്ട് മാതേവൻ ചാടി എഴുന്നേറ്റു. ദൈവം കുട്ടീ.. നമ്മുക്ക് ഇപ്പോൾ തന്നെ കുമ്മാശന്റേയും കൂട്ടാളികളുടേയും എല്ലാ കുടമ്പുകളും തിരയണം. രാജീവ് ആൽബർട്ടിന്റെ അടുത്തേക്ക് ചെന്നു. നമ്മുക്ക് ഒട്ടും സമയമില്ല, ആൽബീ...

കറമ്പൻ, കാതറിനെ ഒളിപ്പിക്കാൻ സാധ്യതയുള്ള എല്ലാ സ്ഥലങ്ങളും അവർ ആ പകലു കൊണ്ട് അന്വേഷിച്ചു. നീലമുടിയിലെ ഉൾ വനങ്ങളിൽ ഉള്ള കഞ്ചാവു തോട്ടങ്ങൾക്കരികിലായി കാണുന്ന ചെറിയ ഷെഡുകളിലും അവർ തിരഞ്ഞു. മഴ നീലമുടിയിൽ വന്നും പോയും നിന്നു. ആൽബർട്ട് സമയം കഴിയും തോറും മാനസീകമായി തളർന്നു കൊണ്ടിരുന്നു. കാട്ടുവഴിയിലൂടെ മാതേവന്റെ കൂടെ പരീക്ഷീണിതനായി അലയുമ്പോൾ മറ്റൊരു വഴിയിലൂടെ പോയ രാജീവ് ഓടി വന്നത്. ആൽബീ...ഞാൻ നിന്നെ തിരയുകയായിരുന്നു. ഇപ്പോ ഒരു വാർത്ത കിട്ടി. കന്യകയായ യുവതിയെ ബലി കൊടുത്താൽ നീലമുടിയോടുള്ള മുത്തിയുടെ ശാപം മാറുമെന്നും, അത് നീലമുടിയിലെ പെൺകുട്ടികളാകരുതെന്നും ആ കുമ്മാശ്ശൻ ഏതോ ബാധകേറി പറഞ്ഞെന്നും ....ഡാ ആൽബീ എനിക്കെന്തോ അപകടം മണക്കുന്നു ആൽബീ നമ്മുക്കിത് പോലീസിനെ ഇൻഫോം ചെയ്യണം. ഇത് നമ്മുടെ കൈയ്യിൽ നിൽക്കില്ല. നിന്റെ കൂടെയുള്ളത് കൂടിപ്പോയാൽ അമ്പതോ നൂറോ പേരുണ്ട്. നിങ്ങൾ പിന്നെ നിന്റെ ആൾക്കാരേ എല്ലാം മറ്റേകരണം കാണിക്കുവാനല്ലേ പഠിപ്പിച്ചു വെച്ചേക്കുന്നത്. ആൽബർട്ട് അപ്പോഴും ഞെട്ടലിൽ നിന്ന് മുക്തനായിരുന്നില്ല. താൻ ഊഹിച്ചതു പോലെ കുമ്മാശ്ശൻ, കാതറിനെ കൊന്നുകളയുവാനുള്ള മാർഗ്ഗമായിട്ടാണ് കുരുതിയെ നീലമുടിയിൽ അവതരിപ്പിച്ചിരിക്കുന്നത്. ആൽബീ, നിന്നെ കണ്ടാൽ പോലീസുകാർ അന്നു തന്നതിന്റെ ബാക്കി തരും. ഞാൻ തന്നെ പോകാം. എന്റെ കൂടെ മുനയണ്ണൻ വരട്ടെ. അതു പറഞ്ഞു കൊണ്ട് രാജീവ് മുന്നോട്ടു നടന്നു. മുനയണ്ണനും രാജീവിന്റെ കൂടെ ഒതുക്കുകല്ലുകൾ ഓടിയിറങ്ങി. ആൽബർട്ട് തിരിഞ്ഞ് മാതേവനെ നോക്കി. മാതേവാ...നമ്മുക്ക് മുത്തിക്കാവിലേക്ക് പോകാം. അവിടെയാവില്ലേ ഇത് നടക്കാൻ സാധ്യതയുള്ളത്. മാതേവന്റെ കണ്ണുകളിലെ ഭീതി അവഗണിച്ചു കൊണ്ട് ആൽബർട്ട് മുത്തിക്കാവിനെ ലക്ഷ്യമാക്കി നടന്നു. (തുടരും)

## കല്ലുകടി

## രാഷ്ട്രീയ ഉപവാസം

ഉപവാസം പലതരത്തിലുണ്ട്. നമ്മൾ പെന്തെക്കോസ്തുകാർക്കും പലതരം ഉപവാസം നിലവിലുണ്ട്. ഒരു നേരം മാത്രം കഴിച്ചും ഓരോ നേരവും കഴിച്ചും ഒക്കെ ഏഴും ഇരുപത്തൊന്നും നാല്പതും അറുപതും ദിനങ്ങൾ താണ്ടുന്ന ഉപവാസവീരന്മാരും നമ്മുടെ ഇടയിൽ ഉണ്ട്. തന്റെ നീതി വെളിപ്പെടുവാൻ ഉപവസിക്കുന്നവരും ഉണ്ട്.

നമ്മുടെ രാഷ്ട്രീയക്കാർ ആകട്ടെ രാഷ്ട്രീയലാഭത്തിനും പ്രശസ്തിക്കും വേണ്ടി വിഷയങ്ങളിൽ ഇടപെട്ട് ഉപവാസം നടത്തി ഇമേജ് വർദ്ധിപ്പിക്കാറുണ്ട്. അത്തരക്കാർ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ മേൽകൈ നേടുകയും ചെയ്യുന്നത് നമ്മൾ കണ്ടുവരുന്നു. വന്നുവന്ന് നമ്മുടെ പെന്തെക്കോസ്തിലെ ചില രാഷ്ട്രീയക്കാരും ഇതൊക്കെ പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. സായ്പിന്റെ സഭയുടെ ആസ്ഥാനത്ത് ഇത്തരത്തിലുള്ള ഉപവാസം നടക്കുകയാണ്. സഭയ്ക്ക് ഒരു പ്രാർത്ഥനാ സമിതി ഉണ്ടെങ്കിലും അവരെയെല്ലാം ഒഴിവാക്കി ചില രാഷ്ട്രീയ താല്പര്യക്കാർ മൂന്നുനേരവും സ്റ്റേജിൽ മിന്നുകയാണ്. (സദസ്സിൽ ആളു കുറവാണ് എന്നത് മറ്റൊരുവശം) ഞാൻ ആത്മീയൻ, ഉപവാസവീരൻ, താഴ്മയുള്ള ആൾ എന്നൊക്കെ ജനത്തെ ബോധ്യപ്പെടുത്തി കൗൺസിൽ ഇലക്ഷനിൽ നേട്ടമുണ്ടാക്കാനുള്ള ചിലരുടെ ശ്രമങ്ങളും അവിടെ കാണാം. ആട്ടിൻ തോൽ അണിഞ്ഞ ചെന്നായ്ക്കളെ ചിലരൊക്കെ തിരിച്ചറിഞ്ഞ് തുടങ്ങിയെന്നും പിന്നാമ്പുറത്തും കേൾക്കുന്നു. പിണിയാളുകളെ ചാവേറുകളായി നിർത്തി എതിരാളികളുടെ നെഞ്ചത്ത് തറയ്ക്കത്തക്കനിലയിൽ വാളെടുത്ത് വെട്ടിക്കുകയും വില്ല് കുലയ്ക്കുകയുമൊക്കെ തകൃതിയായി നടത്തുന്നുമുണ്ട്. ജനത്തിന്റെ കണ്ണിൽ പൊടിയിട്ടാലും എല്ലാമറിയുന്ന ദൈവമുമ്പിൽ നടത്തുന്ന ഈ നാടകങ്ങൾക്ക് ഒരു അന്തമുണ്ടാകും എന്ന് അറിയാതെ പറഞ്ഞ് ഗദ്ഗദത്തോടെ ഓഡിറ്റോറിയം വിടുന്ന സാധാരണക്കാരുടെ നെടുവീർപ്പ് സ്വർഗ്ഗത്തിലെ ദൈവം കേൾക്കാതിരിക്കുമോ? യഥാർത്ഥ ഉപവാസം എന്താണെന്ന് വേദപുസ്തകം വായിച്ച് രാഷ്ട്രീയ ഉപവാസക്കാർ മനസ്സിലാക്കുന്നത് നന്ന്.

**അടിക്കുറിപ്പ്:** 'എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം.....................................................അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും' (2 ദിന. 7:14)

## 01 ചിപ്പിൽ ഒളിയുന്നത്......

01

ക്ക് ഏതൊരാവശ്യത്തിനും ചിപ്പ് സ്കാനർ ഉപയോഗിച്ച് തങ്ങളുടെ വിവരങ്ങൾ കൈമാറുന്നതിന് കഴിയും എന്നാണ്. ലോകത്തിലെ 80 ഹോസ്പിറ്റലുകളും 232 ഡോക്ടർമാരും ആവശ്യക്കാർക്ക് ചിപ്പ് പ്രവേശിക്കുന്നതിന് സന്നദ്ധമായി മുന്നോട്ട് വന്നിട്ടുണ്ട്. ഈ ചിപ്പിൽ അടങ്ങിയിരിക്കുന്ന വ്യക്തിയെ സംബന്ധമായ പൂർണ്ണ വിവരങ്ങൾ ഒരു ഡേറ്റാബാങ്കിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതിനാൽ കമ്പ്യൂട്ടർ വഴി അല്ലാതെ ഇത് ആർക്കും അറിയുന്നതിന് കഴിയില്ല. ഭാവിയിലെ കുറ്റകൃത്യങ്ങൾ ഒഴിവാക്കുന്നതിന് ഒരു വ്യക്തി നില്ക്കുന്ന സ്ഥലം, അതിന്റെ കൃത്യമായ സ്ഥാനം എന്നിവ മനസ്സിലാക്കുന്നതിനും സാധിക്കുന്നു അതു നിമിത്തം തട്ടികൊണ്ടു പോകപ്പെടുന്നവർ എവിടെയെന്ന് മനസ്സിലാക്കുവാൻ കഴിയും. ചിപ്പ് മുഖേന എല്ലാ മനുഷ്യരെയും ഒരു പൊതു നിയന്ത്രണ സംവിധാനവുമായി ബന്ധിപ്പിക്കുവാനും അതുപയോഗിച്ചു വ്യക്തികളെ ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ സാധിക്കും. ഒരു വ്യക്തിയുടെ ശരീരത്തിൽ ചിപ്പ് ഘടിപ്പിക്കപ്പെട്ടു കഴിഞ്ഞാൽ ആ ചിപ്പിലുടെ ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ആ വ്യക്തി നിർബന്ധിതനാകും. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങൾ ഇപ്പോൾ തന്നെ ഇത് നിയമപരമായി മനുഷ്യ ശരീരത്തിൽ ചിപ്പ് പ്രവേശിപ്പിക്കുന്നതിനെ അംഗീകരിച്ച് കഴിഞ്ഞു. 10 ലക്ഷം മൃഗങ്ങളിൽ ഈ ചിപ്പ് പ്രവേശിപ്പിച്ച് പലരും ഇതിന്റെ സാധ്യതകളെ പരിശോധിക്കുകയാണ്. ചിപ്പ് ശരീരത്തിൽ പ്രവേശിപ്പിക്കുന്നതിനെ അനേകം ആളുകൾ എതിർത്തുകൊണ്ടിരിക്കുന്നു അമേരിക്കൻ അഡ്വേക്കേറ്റ് കാതറിൻ ആൽബ്രെക്റ്റ് RFID ചിപ്പ് ഉപയോഗിക്കുന്നത് ചാരപ്പണിയാണെന്ന് ആരോപിക്കുന്നുണ്ട് കാരണം ഒരു വ്യക്തിയെ സംബന്ധമായതെല്ലാം അദ്ദേഹം എന്ത് ചെയ്യുന്നു എന്ന് വരെ വിദൂര നീയന്ത്രണ സംവിധാനത്തിലൂടെ ഗവൺമെന്റിന് മനസ്സിലാക്കുവാൻ കഴിയും എന്നതിനാലാണത്. ഇത് എതിർ ക്രിസ്തുവിന്റെ ലോകഭരണത്തിന് മുന്നോടിയായി ലോകരാജ്യങ്ങളെ തന്റെ കൈപ്പിടിയിൽ ഒതുക്കുന്നതിന്റെ ഭാഗമാണ്. ക്രിസ്തീയ വിശ്വാസ പ്രകാരം ഈ ചിപ്പ് വെളിപ്പാട് പുസ്തകത്തിൽ പറയുന്ന മൃഗത്തിന്റെ മുദ്രയാണെന്ന് ഏവരും അനുമാനിക്കുന്നു. ആഗോള വ്യാപകമായി വളർന്നു വരുന്ന തീവ്രവാദവും ചാവേർ ആക്രമണങ്ങളും എല്ലാം നിയന്ത്രിക്കാൻ ഇത്തരത്തിൽ ഒരു സംവിധാനം ആവശ്യമാണെന്ന് എല്ലാ രാജ്യങ്ങളും ആലോചിക്കുന്നു. അത് ബൈബിൾ പ്രവചനങ്ങളുടെ നിവർത്തിയുമാണ്. എതിർക്രിസ്തുവിന്റെ ഭരണത്തിലെക്കുള്ള ചുവടുവയ്പ്പുകൾക്ക് നാം ഇപ്പോൾ സാക്ഷ്യം വഹിക്കുകയാണ്. അധികം കാലതാമസ്സം കൂടാതെ ഈ ചിപ്പുകൾ ഏവരും ധരിക്കണമെന്ന നിയമം ലോകം മുഴുവൻ പ്രാവർത്തീകമാകാം. ചിപ്പുകൾ ധരിക്കാതെ ആർക്കും ഒന്നും പ്രവർത്തിക്കുവാൻ കഴിയാത്ത വിധം ലോക ഭരണ സംവിധാനങ്ങൾ മാറും കാരണം യേശുക്രിസ്തു വരുവാൻ സമയമായി നമുക്ക് ഒരുങ്ങാം.

## 01 നവാപൂർ കൺവൻഷൻ ......

ൾ ഭാരതത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. ഈ ആത്മീക സംഗമത്തിന്റെ സംഘാടകർ ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയാണ്. സഭയുടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ആയിരത്തിൽ അധികം സഭകളിൽ നിന്നായി പതിനായിരക്കണക്കിന് വിശ്വാസികൾ കൺവൻഷനിൽ പങ്കെടുക്കും.

ലേഖനം

# നമുക്കു വേണ്ടത് മൂല്യബോധമുള്ള വിദ്യാർത്ഥികളെ!



ടോംസ് ആന്റണി
Ph : 9447232512

ഇന്നത്തെ വിദ്യാർത്ഥികളിൽ നിന്ന് മൂല്യബോധവും, സാമൂഹിക പ്രതിബദ്ധതയും, വിനയവും, ഗുരുത്വവും നഷ്ടപ്പെടുന്നു എന്നത് എത്രയോ ഖേദകരമാണ്. കംപ്യൂട്ടർ, ഇന്റർനെറ്റ്, മൊബൈൽ എന്നിവയോട് മാത്രം സംവേദിക്കുന്ന കുട്ടികളുടെ സ്വഭാവത്തിലും യാന്ത്രികത കടന്നുവരുന്നു.

ഒരോ വിദ്യാലയങ്ങളിൽ നിന്നും, കലാലയങ്ങളിൽ നിന്നും പുറത്തിറങ്ങുന്ന കുട്ടികൾക്ക് അറിവ് മാത്രമല്ല, ധാർമ്മികത – സനാതനമൂല്യങ്ങളിലുള്ള അടിയുറച്ച ബോദ്ധ്യവും ഒപ്പം സാമൂഹിക പ്രതിബദ്ധതയും കൈമുതലാക്കേണ്ടതുണ്ട്.

ഗുരുവെന്നാൽ ഇരുട്ടിനെ അകറ്റുന്നവൻ എന്നാണല്ലോ. ഓരോ ഗുരുവിലൂടെയും വിദ്യാർത്ഥികളിൽ തെളിയുന്ന അറിവിന്റെയും നന്മയുടെയും നറുവെട്ടം കെട്ടുപോകുമ്പോഴാണ് അവർ ഗുരുത്വം കെട്ടവരായി അധഃപതിക്കുന്നത്.

വിദ്യാർത്ഥികളിൽ പുലരേണ്ട ചില മൂല്യബോധചിന്തകൾ ചുവടെ

### 1. അദ്ധ്യാപകരോടുള്ള ആദരവ്

അദ്ധ്യാപകരെ പേടിക്കേണ്ട ആവശ്യമില്ല. അനാവശ്യമായ ഭയം ആത്യന്തികമായി ദോഷം ചെയ്യുകയേയുള്ളൂ. അവരെ സ്നേഹിക്കുകയും ആദരിക്കുകയുമാണ് വേണ്ടത്. എല്ലാ അദ്ധ്യാപകരേയും സ്വന്തമായി കരുതാൻ വിദ്യാർത്ഥികൾക്ക് സാധിക്കണം. അവരുടെ അനുഗ്രഹം ദൈവാനുഗ്രഹം തന്നെയാണ്. ഗുരോന്മുഖത്തു നിന്ന് ആവുന്നത്ര അറിവും അനുഭവങ്ങളുടെ സമ്പത്തും നേടിയെടുക്കുവാൻ ശ്രമിക്കുക. ഓരോ ഗുരുവും ദൈവം നമുക്കായി കനിഞ്ഞരുളിയിരിക്കുന്ന നിധികളാണ് എന്ന് കരുതണം.

### 2. നല്ല സൗഹൃദങ്ങൾ തെരയുക

സൗഹൃദങ്ങൾക്ക് ജാതി – മത – രാഷ്ട്രീയം നോക്കരുത്. ആരോടും പിണങ്ങാനും, പരിഭവിക്കാനും പോകേണ്ട. എന്നാൽ നല്ല സൗഹൃദത്തിന് വിലകല്പിക്കണം, നല്ല സ്വഭാവ വൈശിഷ്ഠ്യമുള്ളവരെ തെരഞ്ഞ് കണ്ടെത്തണം. "കുഴപ്പക്കാരെ" നല്ലവഴിക്ക് നടത്തുവാനുള്ള ബാദ്ധ്യതയും നമ്മുക്കുണ്ട്. അവരെ ഒറ്റപ്പെടുത്തരുത്. അത് രാവിലെ തമസ്സിന്റെ അളവ് വർദ്ധിപ്പിക്കാനോ ഇടയാക്കൂ. സൗഹൃദങ്ങളുടെ ഫലം എന്നത് പരസ്പരമുള്ള വിശ്വാസവും, അറിവിന്റെ കൈമാറ്റവും, മൂല്യങ്ങളുടെ ക്രയവിക്രയവും കഴിവുകളുടെ വികാസവും, ആത്മ വിശ്വാസത്തിന്റെ ദൃഢതപ്പെടുത്തലുമാകണം.

എത്ര നല്ല സൗഹൃദമാണെങ്കിലും ആ സൗഹൃദം നമ്മെ തിന്മയിലേക്കും, മറ്റു സാമൂഹിക വിരുദ്ധ പ്രവണതകളിലേക്കും നയിക്കുന്നുവെങ്കിൽ അത്തരം സൗഹൃദങ്ങളെ നിരുത്സാഹപ്പെടുത്തുവാനുള്ള തന്റേടവും കുട്ടികൾ ആർജ്ജിക്കണം.

### 3. യെസ്, നോ എന്നിവ പറയാനുള്ള തന്റേടം

തന്റേടം എന്നത് അഹങ്കാരമായി ചിലർ ചിത്രീകരിക്കാറുണ്ട്. അത്. തന്റേതായ ഇടമാണ്. ആ ഇടം ഓരോ വിദ്യാർത്ഥിയും സ്വയം കണ്ടെത്തണം. ചില കാര്യങ്ങളോട് തക്ക സമയത്ത് "യെസ്" എന്നു പറയുവാനുള്ള ആർജ്ജവത്വം കുട്ടികൾ കാണിക്കണം. ഉദാഹരണമായി ഒരു വേദിയിൽ നന്ദിയോ, സ്വാഗതമോ പറയുവാൻ, അല്ലെങ്കിൽ ഒരു വ്യക്തിയെ സഹായിക്കുവാൻ കിട്ടിയ അവസരം തുടങ്ങിയവേളയിലൊക്കെ ധൈര്യമായി "യെസ്" എന്ന് പറഞ്ഞ് മുന്നോട്ടുവരുവാൻ വിദ്യാർത്ഥികൾക്ക് സാധിക്കണം.

അതുപോലെ "നോ" എന്ന് പറയേണ്ട സമയത്ത് ധൈര്യപൂർവ്വം പറയുവാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞില്ലെങ്കിൽ അപകടങ്ങളിലേയ്ക്കായിരിക്കും ആ യാത്ര. മദ്യം, പാൻമസാല, പുകവലി എന്നിങ്ങനെയുള്ള കാര്യങ്ങൾ ആരെങ്കിലും പ്രേരിപ്പിക്കുകയോ മറ്റോ ചെയ്താൽ അത്തരം സാഹചര്യങ്ങൾ തന്നെ ഒഴിവാക്കാൻ ശ്രമിക്കണം. സ്കൂൾ തലത്തിലെ കുട്ടികൾ ഉപയോഗിക്കേണ്ട ഒരു വസ്തുവല്ല മൊബൈൽ ഫോൺ. വിവിധങ്ങളായ ഗെയിമുകളിൽ അടിമപ്പെട്ട് സമയം പാഴാക്കുമ്പോഴും വേണ്ട എന്നു വയ്ക്കുവാനുള്ള ധൈര്യം കുട്ടികൾ അവലംബിക്കണം.

അതുപോലെ അനാവശ്യമായ കാര്യങ്ങൾക്കുള്ള പ്രേരണ, ദുരുദ്ദേശ്യത്തോടെയുള്ള സ്പർശനം, ചീത്ത സിനിമകളും, പുസ്തകങ്ങളും, ചിത്രങ്ങളും വായിക്കാൻ ഇവയെല്ലാം അപകടക്കെണികളാണ്.... ജാഗ്രതൈ.

### 4. സഹായഹസ്തം നീട്ടുക

സ്കൂളിലേയ്ക്കുള്ള യാത്രകളിൽ അദ്ധ്യായന സമയങ്ങളിൽ മറ്റു കുട്ടികളെയും മുതിർന്നവരെയും സഹായിക്കുവാൻ കഴിയുന്ന സന്ദർഭങ്ങൾ കാത്തിരിക്കുവാൻ വിദ്യാർത്ഥികൾക്ക് കഴിയണം. ബസ്സിൽ യാത്രചെയ്യുമ്പോൾ മുതിർന്നവർക്കായി സീറ്റ് നൽകുവാനും ബസ്സിൽ നിന്ന് ഇറങ്ങുമ്പോൾ മുതിർന്നവർക്ക് മുഖ്യപരിഗണന കൊടുക്കുവാനും വിദ്യാർത്ഥികൾ തയ്യാറാകണം. നമ്മുടെ ഒരു കൈത്താങ്ങ് നൽകേണ്ട അവസരങ്ങളിൽ അതും നൽകുവാൻ തയ്യാറാകണം.

വിദ്യാലയങ്ങളിൽ ഇടവേളകളിൽ ഗ്രൗണ്ടിലോ മറ്റു സ്ഥലങ്ങളിലോ സഹപാഠികൾ വീഴുകയോ മറ്റ് അപകടം സംഭവിക്കുകയോ ചെയ്യുമ്പോൾ ചരിച്ച് ആനന്ദിക്കുന്ന കുട്ടികളെ നമ്മുക്ക് എല്ലായിടത്തും കാണുവാൻ കഴിയും. ഇവിടെ കരുണയുടെ ഹസ്തം നീട്ടാൻ വിദ്യാർത്ഥികൾ തയ്യാറാകണം.

ശാരീരിക-മാനസിക വൈകല്യങ്ങളുള്ള സഹപാഠികളെ ഒറ്റപ്പെടുത്തുന്നത് ക്രൂരതയാണ്. അവർക്ക് പ്രത്യേക സ്നേഹവും പരിഗണനയും, സഹായവും നൽകണം. സ്കൂളിൽ പൊതുവായ സാമൂഹിക പ്രവർത്തനങ്ങളിൽ(ഉദാ: സേവനദിനം മുതലായവ) സജീവമായി കുട്ടികൾ പങ്കാളികളാകണം.

### 5 പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും

നന്നായി പഠിക്കുന്നതോടൊപ്പം പാഠ്യേതരവിഷയങ്ങളിലും വിദ്യാർത്ഥികൾ സജീവമാകണം. സ്കൂൾ യുവജനോത്സവങ്ങൾ, സയൻസ്, പ്രവൃത്തിപരിചയമേളകൾ, ഇതര മത്സരങ്ങൾ, ദിനാചരണങ്ങൾ, സ്കൂൾ ഫെസ്റ്റുകൾ എന്നിവയിലെല്ലാം സജീവമായ പങ്കാളിത്തം എല്ലാ വിദ്യാർത്ഥികളും ഉറപ്പുപരുത്തണം. ഇവയെല്ലാം ജീവിത വിജയത്തിന് അനിവാര്യമാണ്

കൂടാതെ സ്കൂളുകളിൽ പ്രവർത്തിക്കുന്ന വിവിധ ക്ലബ്ബുകളിൽ ചേർന്ന് സജീവമായി പ്രവർത്തിക്കുന്നതിലൂടെ ചില പ്രത്യേക മേഖലകളിലെ നിങ്ങളുടെ കഴിവുകൾ വർദ്ധിപ്പിക്കാം. ഇതിനായി താല്പര്യമുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കാവുന്നതും അതിന്റെ പ്രവർത്തനങ്ങളിൽ സർവ്വാത്മനാ സഹകരിക്കേണ്ടതുമാണ്.

> ഗുരുവെന്നാൽ ഇരുട്ടിനെ അകറ്റുന്നവൻ എന്നാണല്ലോ. ഓരോ ഗുരുവിലൂടെയും വിദ്യാർത്ഥികളിൽ തെളിയുന്ന അറിവിന്റെയും നന്മയുടെയും നറുവെട്ടം കെട്ടുപോകുമ്പോഴാണ് അവർ ഗുരുത്വം കെട്ടവരായി അധഃപതിക്കുന്നത്.

കുട്ടികളിൽ നന്മയും മൂല്യബോധവും മതേതതരത്വവും നിക്ഷേപിക്കുന്ന മറ്റു സംവിധാനങ്ങളും സ്കൂളുകളിലുണ്ട്. നാഷണൽ കേഡറ്റ് കോർ, സ്കൗട്ട് ആന്റ് ഗൈഡ്സ്, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, ജൂനിയർ റെഡ് ക്രോസ്, നാഷണൽ സർവ്വീസ് സ്കീം തുടങ്ങിയ സംഘടനകൾ വിദ്യാർത്ഥികളിൽ ചെലത്തുന്ന സ്വാധീനം ചെറുതല്ല. പല കുട്ടികളും ഗ്രേസ് മാർക്ക് വാങ്ങുന്നതിനുവേണ്ടി മാത്രമാണ് ഇത്തരം സംഘടനകളിൽ അംഗത്വമെടുക്കുന്നത്. അത് നിർഭാഗ്യകരമാണ്. ഇത്തരം സംവിധാനങ്ങളുടെ മഹത്വം മനസ്സിലാക്കി സജീവമായി ഇതിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

ബാലജനസഖ്യങ്ങൾ പോലുള്ള സംഘടനകളിലെ സജീവ പ്രവർത്തനവും കുട്ടികളിൽ നേതൃത്വവാസന രൂപപ്പെടുത്തും.

### 6. വായനയെ വാസനയാക്കണം.

നല്ല നല്ല ഗ്രന്ഥങ്ങൾ തെരഞ്ഞെടുത്ത് വായിക്കുവാൻ കുട്ടികൾ തയ്യാറാകണം. സ്കൂൾ ലൈബ്രറി പരമാവധി ഉപയോഗിക്കുവാനും കുട്ടികൽക്ക് സാധിക്കണം. മഹാന്മാരുടെ ജീവചരിത്രങ്ങൾ, കഥ, കവിത, ഈടുറ്റ ലേഖനങ്ങൾ ഇവയെല്ലാം കുട്ടികളുടെ സാഹിത്യവാസനയേയും മൂല്യബോധത്തെയും വളർത്തുന്നവയാണ്. സ്കൂൾ മാഘസിനുകളിലും സ്മരണികകളിലും കുട്ടികളുടെ കൃതികൾ നൽകി പ്രസിദ്ധീകരിക്കുന്നതും കുട്ടികളിലെ സാഹിത്യ പരിപോഷണത്തിന് ആക്കം കൂട്ടും.

### 7. പരിശീലനങ്ങളിൽ പങ്കെടുക്കുക

സ്കൂൾ തലങ്ങളിലും പുറത്തും നടക്കുന്ന വിവിധങ്ങളായ നേതൃത്വ പരിശീലന പരിപാടികളിലും ഇതര കലാ-സാഹിത്യ പരിപാടികളിലും സജീവമായി പങ്കെടുക്കുന്നത് നല്ലതാണ്. അതിനായി മുടക്കുന്ന പണം അതിൽ നിന്നു കിട്ടുന്ന പ്രതിഫലത്തോട് താരതമ്യം ചെയ്യുമ്പോൾ തുലോം കുറവാണ്.

### 8. ഒരു കലയെ/ സ്പോർട്സിനെ പുൽകുക.

കലയോടോ, സ്പോർസിനോടോ, സാഹിത്യത്തോടെ ഏതെങ്കിലും ഒരു രംഗത്ത് പ്രത്യേക മേഖലകൾ തെരഞ്ഞെടുത്ത് അതിൽ വളരുവാനും ആ കഴിവിനെ പരിപോഷിപ്പിക്കുവാനും കുട്ടികൾ ശ്രദ്ധിക്കണം. കുട്ടികൾ വഴി തെറ്റുന്നതിന് ഇത് തടസ്സം സൃഷ്ടിക്കുകയും അവരുടെ കഴിവുകൾ പ്രത്യേക രംഗത്തേയ്ക്ക് വഴിതിരിച്ചുവിടുന്നതിനും ഇത് ഉപകരിക്കും. കലയോട് താത്പര്യമുള്ള കുട്ടികൾ ഏതെങ്കിലും ഒരു കലാരൂപത്തെ തെരഞ്ഞെടുത്തത് അത് പഠിച്ചുവളരണം. അതുപോലെതന്നെ സ്പോർട്സും. ഇഷ്ടപ്പെട്ട അല്ലെങ്കിൽ തനിക്കിണങ്ങുന്ന ഒരു കായിക മേഖല കണ്ടെത്തി അതിൽ വളർന്നുവരുവാൻ പരിശ്രമിക്കുക.

നാം ജീവിതത്തിൽ വിജയിക്കുന്നത് ഏത് മേഖലയിലാണ് എന്ന് വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ ഏറെക്കുറെ മനസ്സിലാക്കാൻ ഇതിലൂടെ സാധിക്കുക തന്നെ ചെയ്യും..... തീർച്ച

## AUPC ക്യൂൻസിലാന്റ് സ്റ്റേറ്റ് വാർഷിക കൺവൻഷൻ

**ബ്രിസ്ബൻ:** ഓസ്ട്രേലിയയിലുള്ള പെന്തെക്കോസ്തൽ സഭകളുടെയും ദൈവസഭകളുടെയും ദൈവദാസന്മാരുടെയും, വിശ്വാസികളുടെയും ആത്മീയ ഐക്യതയും കൂട്ടായ്മയും ലക്ഷ്യമാക്കി ആരംഭിച്ച ഓസ്ട്രേലിയ യുണൈറ്റഡ് പെന്തെക്കോസ്തൽ ചർച്ചസ്സിന്റെ (AUPC) ആഭിമുഖ്യത്തിലുള്ള ക്യൂൻസിലാന്റ് സ്റ്റേറ്റിന്റെ 2015 വാർഷിക കൺവൻഷൻ ബ്രിസ്ബനിൽ നവംബർ20ന് വൈകിട്ട് 6.30ന് ആരംഭിച്ച് നവംബർ 22ന് തിരുമേശയോടെ സംയുക്ത സഭായോഗം അവസാനിക്കുന്നതാണ്. ഈ മഹാസമ്മേളനത്തിൽ മുഖ്യാഥിതിയായി പാസ്റ്റർ പി.എസ്.ഫിലിപ്പ് ദൈവവചനം ശുശ്രൂഷിക്കും. പാസ്റ്റർ ജെസ്വിൻ മാത്യൂവിന്റെ നേതൃത്തത്തിൽ സംഗീത ശുശ്രൂഷ നടത്തപ്പെടുന്നതാണ്. സഭാവ്യത്യാസമില്ലാതെ ഐക്യതയ്ക്കു മാത്രം ഊന്നൽ നല്കുന്ന ഈ മഹാസമ്മേളനത്തിൽ ഓസ്ട്രേലിയയിലുള്ള വിവിധ സഭാവിഭാഗങ്ങളിൽ നിന്നുള്ള ശുശ്രൂഷകരും പ്രതിനിധികളും, വിശ്വാസികളുമായി നിരവധിയാളുകൾ പങ്കെടുക്കും.

കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ സാജൻ കുരുവിള (0423276996)

## പിസിനാക് കിക്കോഫ് മീറ്റിംഗ് ന്യൂയോർക്കിൽ

**ന്യൂയോർക്ക്:** മുപ്പത്തിനാലാമത് പെന്തെക്കോസ്തൽ കോൺഫറൺസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സ് (പിസിനാക് 2016) പ്രഥമ കിക് ഓഫ് മീറ്റിംഗ് ന്യൂയോർക്കിൽ നവംബർ 8 ഞായറാഴ്ച വൈകിട്ട് 6 മണിക്ക് ഫസ്റ്റ് ചർച്ച് ഓഫ് ഗോഡിൽ വച്ച് നടത്തപ്പെടുന്നു. അമേരിക്കയിലും കാനഡയിലുമായി ചിതറിപ്പാർ ക്കുന്ന മലയാളി പെന്തെക്കോസ്തരുടെ ഏറ്റവും വലി യ ആത്മികസംഗമമായ ഈ സമ്മേളനം 2016 ജൂൺ 30 മുതൽ ജൂലൈ 3 വരെ ഡാളസിലെ അഡിസൺ സിറ്റിയിലുള്ള ഇന്റർ കോൺടിനന്റൽ ഹോട്ടലിൽ വച്ച് നടക്കുന്നതാണ്. ഏറെ വ്യത്യസ്തയോടും പുതുമകളോടും കൂടി നടക്കുവാൻ പോകുന്ന ഈ സമ്മേളനം വിശ്വാസസമൂഹം ഏറെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്നു.

## സ്പിരിച്ചൽ എംപവറിങ്ങ് ക്യാംപ് സമാപിച്ചു



ക്യാംപ് പാസ്റ്റർ രാജു പൂവക്കാല ഉദ്ഘാടനം ചെയ്യുന്നു.

**തിരുവല്ല:** കൊമ്പാടി എം.ടി. ക്യാംപ് സെന്ററിൽ നാല് ദിവസമായി നടന്നു വന്ന ഐ.പി.സി സെന്റർ സ്റ്റുഡന്റ്സ്, പേരന്റ്സ്, ടീച്ചേഴ്സ് സ്പിരിച്ച്വൽ എംപവറിങ്ങ് ക്യാംപിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ഐ.പി.സി മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ഡോ. കെ.സി.ജോൺ ഉദ്ഘാടനം ചെയ്തു.

സൂപ്രണ്ട് പാസ്റ്റർ എം. മാത്യു അധ്യക്ഷത വഹിച്ചു. നേരത്തെ ഐ.പി.സി സ്റ്റേറ്റ് വൈസ് പ്രസഡിന്റ് പാസ്റ്റർ രാജൂ പൂവക്കാല ക്യാംപ് ഉദ്ഘാടനം ചെയ്തു "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ" എന്ന ക്യാംപ് ചിന്താവിഷയം അവതരിപ്പിച്ച് പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ പ്രഭാഷണം നടത്തി. സെക്രട്ടറി ജോജി ഐപ്പ് മാത്യൂസ്, പരീക്ഷാ കൺട്രോളർ ജോർജ് മാത്യു, പാസ്റ്റർ പി.കെ സാമുവൽ കുട്ടി എന്നിവർ പ്രസംഗിച്ചു. ഡോ. ബ്ലെസ്സൻ മേമന സംഗീത ശുശ്രൂഷ നടത്തി. വിവിധ സെഷനുകളിൽ പി.വി. ഐസക്ക്, ജയിംസ് ഏബ്രഹാം, ജോസ് തോമസ് ജേക്കബ്, കുര്യൻ ജോസഫ്, ബിനു വടശേരിക്കര, റ്റി.ഡി.ബാബു, ബെൻസൺ വർഗീസ്, ഡോ. മറിയാമ്മ സ്റ്റീഫൻ, അച്ചൻകുഞ്ഞ് ഇലന്തൂർ, സുധി ഏബ്രഹാം, പി.കെ. മാത്യു, ബീന രാജു, റോയി ആന്റണി, സുബാഷ് കുമരകം, എ.ജി.ചാക്കോ, പി.ജി ഏബ്രഹാം, സാജൻ ജോയി, പീറ്റർ മാത്യു വല്യത്ത് എന്നിവർ പ്രസംഗിച്ചു. സാഹിത്യസമ്മേളനം സാഹിത്യ അക്കാഡമി ചെയർമാൻ പെരുമ്പടവം ശ്രീധരൻ ഉദ്ഘാടനം ചെയ്തു. എൻ.എം. രാജു അധ്യക്ഷത വഹിച്ചു. കാത്തിരിപ്പ് യോഗം, ടാലന്റ് നൈറ്റ്, ഫിലിം ഷോ, മിഷൻ ചലഞ്ച് സെമിനാർ എന്നിവ നടന്നു.

## ഡോ. കോര സംസാരിക്കുന്നു



1. പെന്തെക്കോസ്തിലെ പ്രശ്നങ്ങൾക്കെല്ലാം കാരണം പത്രക്കാരാണെന്ന് ഒരു വിദ്വാൻ സായ്പിന്റെ സഭയുടെ ഉപവാസപ്രാർത്ഥനയ്ക്ക് പ്രസംഗിച്ചുവെന്ന് കേട്ടു. കോരയുടെ അഭിപ്രായം എന്താണ്? – ഈപ്പൻ, ആറ്റിങ്ങൽ

*യോഗ്യതയില്ലെങ്കിലും ഉപവാസപ്രാർത്ഥനയ്ക്ക് പ്രോഗ്രാം കൊടുത്ത നേതാവിന് സ്തുതി പാടുകയും പ്രസാദിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാകയാൽ അത് നിർവ്വഹിച്ചുവെന്നേയുള്ളൂ. സോദോമ്യപാപത്തെക്കുറിച്ച് വിശദമായി പ്രസംഗിച്ചിരുന്നെങ്കിൽ നന്നായേനേ.*

2. ഇപ്പോഴത്തെ ചില പത്രക്കാർ ഇന്നലെ പറയുന്നതല്ല ഇന്ന് പറയുന്നത്. യാതൊരു തത്വദീക്ഷയുമില്ലാതെ നിലപാടുകൾ മാറ്റിപ്പറയുന്ന പത്രക്കാരെക്കുറിച്ച് കോരയുടെ നിലപാട് എന്താണ്? – സുബിൻ, കുമ്പനാട്

*അക്ഷരത്തിന്റെ സുഷിരത്തിലൂടെ ആശയങ്ങളെ കുത്തിനിറച്ച് ആമാശയത്തിനായി അതിനെ വിൽക്കുന്ന പേനാതൊഴിലാളികളായ പത്രാധിപന്മാർ ഉണ്ടെങ്കിൽ ഇങ്ങനെയൊക്കെ സംഭവിക്കും.*

3. ഒരു ഡൽഹിക്കാരൻ മനസ്സുതുറന്നത് കോര അറിഞ്ഞില്ലേ? – ജോൺ, ഡൽഹി

*മനസ്സുമാത്രമല്ല തൊണ്ടയും തുറക്കുന്ന കക്ഷിയാണ് അദ്ദേഹം. 'അവരുടെ തൊണ്ട തുറന്ന ശവക്കുഴി'യെന്ന് വായിച്ചിട്ടില്ലേ.*

4. ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ ജേണലിസം കോഴ്സിനെക്കുറിച്ച് കോരയുടെ അഭിപ്രായം എന്താണ്? – ഷൈജു, പാണ്ടനാട്

*എല്ലാവരും കൂടി പത്രം തുടങ്ങിയാലുള്ള അവസ്ഥയെക്കുറിച്ചു മാത്രമേ കോരയ്ക്ക് പേടിയുള്ളൂ.*

## പോൾ മണലിൽ ക്ലാസ്സ് എടുക്കുന്നു



**കുമ്പനാട്:** ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ജേണലിസം കോഴ്സിൽ മലയാള പത്രപ്രവർത്തകനും സാഹിത്യ ചരിത്രകാരനുമായ പോൾ മണലിൽ നവം 16–ാം തീയതി മിഷണറി സാഹിത്യവും മലയാള ഗദ്യവും എന്ന വിഷയത്തെ അധീകരിച്ചുള്ള ക്ലാസ്സ് എടുക്കും. ഇദ്ദേഹത്തിന്റെ പുസ്തകമായ 'കേരളത്തിലെ ഭാഷാന്യൂനപക്ഷങ്ങൾ' എന്ന കൃതിക്ക് 2008 ലെ കേരള സാഹിത്യ അക്കാദമി എൻഡോവ്മെന്റ് പുരസ്കാരം നേടിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ പത്തനാപുരത്ത് മണലിൽ എം.ജി അലക്സാണ്ടറുടെയും പള്ളിപ്പാട് കുമ്പപ്പുഴ പെരും കോയിക്കൽ കെ.സി ഏലിയാമ്മയുടെയും മകനാണ്. പത്തനാപുരം സെയ്ന്റ് സ്റ്റീഫൻസ്, തിരുവനന്തപുരം മാർ ഈവാനിയോസ്, മൈസൂർ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ പഠിച്ചു. കാലിക്കറ്റ് സർവകലാശാലയിൽ നിന്നും പത്രപ്രവർത്തനത്തിന് ഡോക്ടറേറ്റ് നേടി. പത്രപ്രവർത്തനത്തിലും ഇംഗ്ലീഷ് സാഹിത്യത്തിലും ബിരുദാനന്തര ബിരുദം നേടി. മലയാള മനോരമയിൽ അസിസ്റ്റന്റ് എഡിറ്ററായിരുന്നു. മനോരമയുടെ കോട്ടയം, കോഴിക്കോട്, ആലപ്പുഴ യൂണിറ്റുകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലും പതിനഞ്ചു പുസ്തകങ്ങൾ എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ചു. കേന്ദ്ര ഫിലിം സെൻസർ ബോർഡിൽ അംഗമായിരുന്നു.

## 01 ഐ.പി.സി.സൗത്ത് ഈസ്റ്റ്...

ന്നിവരേയും ഓഡിറ്ററായി അലക്സാണ്ടറിനെയും തെരഞ്ഞെടുത്തു. പി.വൈ. പി. എ പ്രസിഡന്റായി ബ്രദർ റോബിൻ ജോർജും, സെക്രട്ടറിയായി ബ്രദർ സാം ജോർജ്ജും, സൺഡേസ്കൂൾ ഡയറക്ടറായി ജെയിംസ് മുളവനയും, സോദരി സമാജം ഭാരവാഹികളായി നാൻസി ഏബ്രഹാം (പ്രസിഡന്റ്), മറിയാമ്മ സ്റ്റീഫൻ (വൈസ് പ്രസിഡന്റ്), ബിജി ജോൺസൺ (സെക്രട്ടറി), സൂസൻ ഏബ്രഹാം (ട്രഷറർ) എന്നിവരേയും തെരഞ്ഞെടുത്തു.

പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജെയിംസ് ജോർജ്ജ് ഉമ്മൻ പത്തനാപുരം സ്വദേശിയും ഐ.പി.സി മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ റ്റി.ജി. ഉമ്മച്ചന്റെ കൊച്ചുമകനും, പാസ്റ്റർ ജോർജ്ജ് ഉമ്മന്റെ മകനുമാണ്. മികച്ച കൺവൻഷൻ പ്രസംഗകനായ പാസ്റ്റർ ജെയിംസ് എബനേസർ ഐ.പി.സി.സഭയുടെ ശുശ്രൂഷകനായി സേവനം അനുഷ്ഠിക്കുന്നു. പത്തനാപുരം ഉമ്മൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി സ്ഥാപക പ്രിൻസിപ്പളും പതിനൊന്നാമത് ഐ.പി.സി ഫാമിലി കോൺഫറൻസ് കൺവീനറുമായിരുന്നു.

വൈസ് പ്രസിഡന്റ് പാസ്റ്റർ മാത്യു ജോസഫ് ഐ.പി.സി. മുൻ കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.എം. ജോസഫിന്റെ മകനും ബ്രാൻഡൻ ഐ.പി.സി സയോൺ വർഷിപ്പ് സെന്ററിന്റെ ശുശ്രൂഷകനുമാണ്.

സെക്രട്ടറി പാസ്റ്റർ വി.പി. ജോസ് റാന്നി വെച്ചൂച്ചിറ സ്വദേശിയും ഡൂലോസ് ബിബ്ലിക്കൽ സെമിനാരി ഡയറക്ടറുമാണ്. മികച്ച കൺവൻഷൻ പ്രസംഗകനായ വി.പി. ജോസ് അറ്റലാന്റാ ഐ.പി.സി സഭയുടെ സീനിയർ ശുശ്രൂഷകനായി സേവനം അനുഷ്ഠിക്കുന്നു. ഏഴാമത് ഐ.പി.സി ഫാമിലി കോൺഫറൻസ് കൺവീനറുമായിരുന്നു.

ജോയിന്റ് സെക്രട്ടറിയായ ബ്രദർ ചാക്കോ സ്റ്റീഫൻ ഐ. പി. സി ഫാമിലി കോൺഫറൻസ് നാഷണൻ ട്രഷറർ, റീജിയൻ ട്രഷറർ എന്നീനിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇദ്ദേഹം ലേക്ക്ലാന്റ് ഐ.പി.സി. സഭാ അംഗമാണ്.

ട്രഷറർ സജിമോൻ മാത്യു സാജ് അക്കൗണ്ട് ആന്റ് റ്റാക്സ് സർവീസ് എന്ന സ്ഥാപനത്തിന്റെ ഉടമയും, ഐ.പി.സി. ഒർലാൻഡോ സഭാംഗവുമാണ്.

ജനറൽ കൗൺസിൽ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ കെ.സി. ജോൺ സൗത്ത് ഈസ്റ്റ് റീജിയന്റെ മുൻ പ്രസിഡന്റാണ്. ഇപ്പോൾ സൗത്ത് ഫ്ളോറിഡാ ഐ.പി.സി സഭയുടെ ശുശ്രൂഷകൻ. ജനറൽ കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ രാജൻ ആര്യപ്പള്ളിൽ പിസിനാക്കിന്റെ മുൻ സെക്രട്ടറി, ഐ. പി. സി. ഫാമിലി കോൺഫറൻസ് നാഷണൽ ട്രഷറാർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കുമ്പനാട് സ്വദേശിയും കേരള പെന്തക്കോസ്ത് റൈറ്റേഴ്സ് ഫോറം ജനറൽ സെക്രട്ടറിയുമായ രാജൻ ബിലീവേഴ്സ് ജേണൽ ചെയർമാനും അറ്റ്ലാന്റാ ഐ.പി.സി. സഭാംഗവുമാണ്.







# ഐ.പി.സി ഇടുക്കി നോർത്ത് സെന്ററിലെ പ്രവർത്തനങ്ങൾ പുരോഗതിയിലേക്ക്

ദൈവകൃപയാൽ ഐപി.സി ഇടുക്കി നോർത്ത് സെന്ററിലെ പ്രവർത്തനങ്ങൾ ഭംഗിയായി നടന്നു വരുന്നു. ഇപ്പോൾ 20 പ്രവർത്തനങ്ങൾ ഈ സെന്ററിന്റെ കീഴി ലുണ്ട്. സെന്റർ മിനിസ്റ്ററെ കൂടാതെ 21 പ്രവർത്തകരും ഈ സെന്ററിൽ നിലവി ലുണ്ട്. ഇവരിൽ പലരും അഹോവൃത്തി ക്ക് വകയില്ലാത്തവർ എങ്കിലും ദൈവം ഇവരേയും പോറ്റുന്നു.

സുവി. സാബു ജോസഫ് (സെക്രട്ടറി), ഫോൺ: 9947853151
ബ്രദർ. എം. വി. സെബാസ്റ്റ്യൻ (ട്രഷറർ) ഫോൺ: 9495035734



**പാസ്റ്റർ പി. ജെ. ശമുവേൽകുട്ടി (സെന്റർ പാസ്റ്റർ), ഫോൺ: 9446188730**

**കല്ലാർ:** ഐപിസി ആനവിരട്ടി സഭയുടെ ഔട്ട് സ്റ്റേഷൻ പ്രവർത്തനമാണിത്. ടി സഭയുടെ ശുശ്രൂഷകനും ദൈവമക്കളും കല്ലാറിൽ പ്രവർത്തിക്കുന്നതുമുഖാന്തിരം സുവിശേഷത്തോട് നല്ല പ്രതികരണം ദേശത്തു നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ പ്രവർത്തനത്തെ ഓർത്തും ദൈവമക്കൾ പ്രാർത്ഥിക്കണമേ.

ഈ പുതിയ പ്രവർത്തനങ്ങളെല്ലാം കർത്താവിന്റെ മുഖത്തേക്കുമാത്രം നോക്കി ആരംഭിച്ചതാണ്. ആയതി നാൽ പ്രിയവായനക്കാർ ഈ പ്രദേശത്തെ വേലകളെയും വേലക്കാരെയും ഓർത്ത് പ്രാർത്ഥിക്കുകയും ആവ ശ്യമായ കൈത്താങ്ങലുകൾ തന്ന് സഹായിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

ഐ.പി.സി ഇടുക്കി നോർത്ത് സെന്ററിന്റെ എല്ലാ പ്രവർത്തനങ്ങളെയും ഓർത്ത് നിങ്ങളുടെ വിലപ്പെട്ട പ്രാർത്ഥന അപേക്ഷിക്കുന്നു. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് പാതാളത്തിന്റെ ആടുകളായി മേഞ്ഞു നടക്കുന്ന ഈ ജനത്തിന്റെ ഇടയിലെ ശുശ്രൂഷ വളരെ ത്യാഗപൂർണ്ണമായതാണ്. വിദ്യാഭ്യാസവും മറ്റും വേണ്ട തുപോലെ ഇല്ലാത്ത ഇവിടെയുള്ള ആദിവാസികളെയും ഇതരമതസ്ഥരെയും ക്രിസ്തുവിനായി നേടിയെടു ക്കുവാൻ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയും സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു. ഈ സെന്ററിൽ പി.വൈ.പി.എ, സൺഡേസ്കൂൾ, സോദരീസമാജം, മാസയോഗങ്ങൾ, ഇവാഞ്ചലിസം ബോർഡ് പ്രവർത്തനങ്ങൾ എന്നിവയും വളരെ നന്നായി നടന്നു വരുന്നു. ഇത്രത്തോളം നടത്തിയ ദൈവത്തിന് സ്തോത്രം.

## നിലവിലുള്ള പ്രവർത്തന സ്ഥലങ്ങളും ശുശ്രൂഷകന്മാരും

### സുവി.കെ.എ. ഡേവിഡ്



**നേര്യമംഗലം:** സുവി.കെ.എ. ഡേവിഡ് കുടുംബമായി ഇവിടെ പ്രവർത്തിക്കുന്നു. കുറച്ചു വിശ്വാസികൾ ഇപ്പോൾ ഇവിടെ കൂടി വരുന്നുണ്ട്. സഭയ്ക്ക് സ്ഥലമോ ഹാളോ ഇല്ല വാടക വീട്ടിൽ ആരാധിക്കുന്നു.

### സുവി. ജിജോമോൻ



**14-ാം മൈൽ:** ഇവിടെ സഭയ്ക്ക് സ്വന്തമായി ഹാളുണ്ട്, പാഴ്സനേജില്ല. 3 വീട്ടുകാർ ആരാധനയിൽ സംബന്ധിക്കുന്നു. സുവി. ജിജോമോൻ കുടുംബമായി ഇവിടെ പ്രവർത്തിച്ചുവരുന്നു.

### സുവി. പി. എ. മനോജ്



**ആനവിരട്ടി:** ഇവിടെ സഭയ്ക്ക് സ്വന്തമായി സ്ഥലവും ആലയവും ഉണ്ട്, എന്നാൽ നല്ല പാഴ്സനേജ് ഇല്ല. 20ൽപ്പരം ആളുകൾ ഇവിടെ ആരാധിച്ചുവരുന്നു. ഈ ദേശത്തിന്റെ വിടുതലിനായി ദൈവജനം പ്രാർത്ഥിക്കണമേ. ഇവിടെ സുവി. പി.എ.മനോജും കുടുംബവും പ്രവർത്തിച്ചു വരുന്നു.

### പാസ്റ്റർ റ്റി. വി. ജോസഫ്



**ബേർ-ശേബ- അടിമാലി:** വിശ്വാസത്താൽ ആരംഭിച്ച ഒരു പ്രവർത്തനമാണിത്. ഇപ്പോൾ 15ൽപ്പരം ആളുകൾ ഇവിടെ ആരാധിച്ചു വരുന്നു. സഭയ്ക്ക് സ്വന്തമായി സ്ഥലമോ ഹാളോ ഇല്ല. വാടക വീട്ടിൽ ആരാധിച്ചു വരുന്നു. പാസ്റ്റർ റ്റി.വി.ജോസഫ് കുടുംബമായി ഇവിടെ പ്രവർത്തിക്കുന്നു. ആയിരക്കണക്കിന് കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു നിനവേ പട്ടണമാണ് അടിമാലി. ഈ പ്രവർത്തനത്തെ ഓർത്ത് ദൈവമക്കൾ പ്രാർത്ഥിക്കണമേ.

### സുവി. സാബു ജോസഫ്



**പീച്ചാട്:** ഇവിടെ സഭയ്ക്ക് സ്ഥലം വാങ്ങിയിട്ടുണ്ട്. ഒരു ഹാളിനും പാഴ്സനേജിനും വേണ്ടതായ തറ കെട്ടിയിട്ടിരിക്കുന്നു. 15ൽപ്പരം വിശ്വാസികൾ ഇവിടെ വാടക വീട്ടിൽ ആരാധിച്ചു വരുന്നു. പഴയ വീട് ആയതിനാൽ പായ വിരിക്കാൻ എടുക്കുമ്പോൾ വിഷപാമ്പുകൾ ഓടി മറയുന്നതും കാണാം. ആദിവാസികൾ ആയ ആളുകൾ വളരെയധികം പാർക്കുന്ന സ്ഥലമാണിത്. ഇവിടെ ആലയത്തിന്റെ പണിനടക്കുവാൻ ദൈവജനം പ്രാർത്ഥിക്കുകയും സഹായസഹകരണങ്ങൾ കാണിക്കണമേ എന്നും അപേക്ഷിക്കുന്നു. ഇവിടെ സുവി. സാബു ജോസഫും കുടുംബവും പ്രവർത്തിക്കുന്നു.

### സുവി. ഫിലിപ്പോസ് എബ്രഹാം

**രാജകുമാരി:** ഇവിടെ സഭയ്ക്ക് സ്വന്തമായി സ്ഥലം വാങ്ങിയിട്ടുണ്ട്. ആലയത്തിനും പാഴ്സനേജിനും തറ കെട്ടിയിട്ടുണ്ട്. തുടർന്നുള്ള പണികൾക്ക് വകയില്ലാതെ ദൈവത്തോട് പ്രാർത്ഥിക്കുന്നു. ദൈവജനങ്ങൾ ഇതിലേക്ക് ശ്രദ്ധതിരിക്കുമല്ലോ. ഇപ്പോൾ ഇവിടെ 15 ൽപ്പരം ആളുകൾ ആരാധനയിൽ സംബന്ധിക്കുന്നു. വാടക വീട്ടിലാണ് ആരാധന നടക്കുന്നത്. ഇവിടെ സുവി. ഫിലിപ്പോസ് എബ്രഹാമും കുടുംബവും പ്രവർത്തിച്ചു വരുന്നു.

### പാസ്റ്റർ സാം മാത്യു



**10-ാം മൈൽ:** പാസ്റ്റർ സാം മാത്യു ഇവിടെ താമസിച്ച് ശുശ്രൂഷിക്കുന്നു. 45 പേരോളം ആരാധനയിൽ സംബന്ധിക്കുന്നു. സഭയ്ക്ക് സ്വന്തമായി സ്ഥലമോ ഹാളോ ഇല്ല. വാടക വീട്ടിലാണ് ആരാധന നടക്കുന്നത്.

### പാസ്റ്റർ പി.എസ്. രാജു



**ശെല്യംപാറ:** ഇവിടെ പാസ്റ്റർ പി. എസ്. രാജുവും കുടുംബവും പ്രവർത്തിക്കുന്നു. സഭയ്ക്ക് സ്വന്തമായി സ്ഥലവും ചെറിയ ഒരു ഹാളും ഉണ്ട്. 10-ൽപ്പരം ആളുകൾ ഇവിടെ ദൈവത്തെ ആരാധിച്ചുവരുന്നു.

### സുവി. ജോൺസൺ



**കഞ്ഞിക്കുഴി:** ഒരു പുതിയ പ്രവർത്തനമാണിത്. വാടക വീട്ടിലാണ് ആരാധന നടക്കുന്നത്. പതിനഞ്ചോളം വിശ്വാസികൾ ഇവിടെ ആരാധനയിൽ സംബന്ധിക്കുന്നു. സുവി. ജോൺസണും കുടുംബവും ഇവിടെ പ്രവർത്തിക്കുന്നു.

### സുവി. അഭിലാഷ്



**ഇടുക്കി:** ഇവിടെ സഭയ്ക്ക് സ്വന്തമായി സ്ഥലമുണ്ട്. അതിൽ ഒരു ചെറിയ പഴകിപൊളിഞ്ഞ വീടുണ്ട്. അതിലാണ് ദൈവജനം ആരാധിച്ചു വുന്നത്. ഏതു സമയം ഈ വീട് നിലം പൊത്താം. ഇവിടെ ഒരു ഹാളും പാഴ്സനേജും പണിയണം ദൈവജനം സഹായിക്കുമല്ലോ. ഇവിടെ സുവി. അഭിലാഷും കുടുംബവും പ്രവർത്തിക്കുന്നു. 5 വീട്ടുകാർ ആരാധിച്ചു വരുന്നു.

### സുവി. റെജി ജോൺ



**ചെറുതോണി:** ഇവിടെ സഭയ്ക്ക് സ്വന്തമായി സ്ഥലവും ഹാളും പാഴ്സനേജും ഉണ്ട്. പതിനഞ്ചോളം വിശ്വാസികൾ ഇവിടെ ആരാധനയിൽ സംബന്ധിക്കുന്നുണ്ട്. സുവി. റെജി ജോണും കുടുംബവും ഇവിടെ ശുശ്രൂഷ ചെയ്തു വരുന്നു.

### സുവി. അമൃതരാജ്



**ഒഴുവത്തടം:** സുവി. അമൃതരാജും കുടുംബവും ഇവിടെ താമസിച്ചു പ്രവർത്തിച്ചു വരുന്നു. 20-ൽ പരം ആളുകൾ ഇവിടെ ആരാധനയിൽ സംബന്ധിക്കുന്നു. സഭയ്ക്ക് സ്വന്തമായി സ്ഥലവും ഹാളും ഉണ്ട്. ഒരു പാഴ്സനേജിന് വേണ്ടി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### സുവി. ജോർളി ജോൺ



**കത്തിപ്പാറ:** ഇവിടെ സഭയ്ക്ക് സ്വന്തമായി സ്ഥലവും ഹാളുമുണ്ട്. പാഴ്സനേജ് ഇല്ല. 5 വീട്ടുകാർ ഇവിടെ ആരാധിച്ചു വരുന്നു. ഒരു പാഴ്സനേജ് അത്യാവശ്യമായും ഉണ്ടാകണം. അതിനായി ദൈവമക്കൾ പ്രാർത്ഥിക്കുമല്ലോ. ഇവിടെ സുവി. ജോർളി ജോണും കുടുംബവും താമസിച്ച് പ്രവർത്തിച്ച് വരുന്നു.

### പാസ്റ്റർ സാബു തോമസ്



**ചുരുളിപ്പതാൽ:** ഇവിടെ സഭയ്ക്ക് സ്വന്തമായി ഹാളും പാഴ്സനേജും ഉണ്ട്. 25-ൽപ്പരം ആളുകൾ ദൈവത്തെ ആരാധിച്ചു വരുന്നു. ഇവിടെ പാസ്റ്റർ സാബു തോമസ്സും കുടുംബവും പ്രവർത്തിച്ചു വരുന്നു.

### പാസ്റ്റർ ഒ.എം.സേവ്യർ



**തോക്കുപാറ:** ഇവിടെ വാടക വീട്ടിലാണ് ആരാധന. 40 ഓളം ദൈവജനങ്ങൾ ഇവിടെ ആരാധിച്ചു വരുന്നു. സഭയ്ക്കായി സ്ഥലവും ഹാളും പാഴ്സനേജും ഉണ്ടാകേണ്ടിയിരിക്കുന്നു. ഉദാരമതികളായ ദൈവജനത്തിന്റെ സഹായം പ്രതീക്ഷിക്കുന്നു. ഇവിടെ പാസ്റ്റർ ഒ.എം.സേവ്യറും കുടുംബവും പ്രവർത്തിച്ചു വരുന്നു.

### സുവി. റെനി. റ്റി. ഇ.

**പൂമാംകണ്ടം:** ഇവിടെ സഭയ്ക്ക് സ്വന്തമായി സ്ഥലവും ഹാളും പാഴ്സനേജും ഉണ്ട്. സുവി. റെനി. റ്റി. ഇ. യും കുടുംബവും ഇവിടെ പ്രവർത്തിക്കുന്നു. 60ൽപ്പരം ആളുകൾ ഇവിടെ ആരാധിക്കുന്നു.

## പുതിയ പ്രവർത്തനങ്ങൾ

### സുവി. എ.വി. സണ്ണി



**ഖജനാപ്പാറ:** തമിഴ് വംശജരായ ആളുകൾ അധികമായുള്ള ഒരു സ്ഥലമാണിത്. പിന്നോക്കാവസ്ഥയിലുള്ള തോട്ടം തൊഴിലാളികളാണ് ഇവിടെയുള്ള ആളുകൾ. വിദ്യാഭ്യാസമോ നല്ല ജീവിത സൗകര്യങ്ങളോ ഇല്ലാത്തവരാണ്. വിശ്വാസത്താൽ ഈ ദേശത്ത് സുവി. എ.വി. സണ്ണി കുടുംബമായി പ്രവർത്തിക്കുന്നു. ദൈവമക്കൾ പ്രാർത്ഥിക്കണമേ.

### പാസ്റ്റർ കെ.എം. ജെയിംസ്



**മുരിയ്ക്കാശ്ശേരി:** കുടിയേറ്റ മേഖലയായ ഹൈറേഞ്ചിലെ വികസനത്തിന്റെ പാതയിലുള്ള മുരിയ്ക്കാശ്ശേരിയിൽ നമ്മൾ വിശ്വാസത്താൽ ആരംഭിച്ച ഈ പുതിയ പ്രവർത്തനത്തെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കണമേ. പാസ്റ്റർ കെ.എം. ജെയിംസ് കുടുംബമായി ഇവിടെ താമസിച്ച് പ്രവർത്തിക്കുന്നു.

### സുവി. ഷിജു ആന്റണി



**ആഡിറ്റ് (കുഞ്ചിത്തണ്ണി):** വിശ്വാസത്താൽ ആരംഭിച്ച ഒരു പുതിയ പ്രവർത്തനമാണിത്. സുവി. ഷിജു ആന്റണി കുടുംബമായി ഇവിടെ പ്രവർത്തിക്കുന്നു.

### പാസ്റ്റർ പി.സി.ശമുവേൽ



**തടിയമ്പാട്:** ഇവിടെ ആരംഭിച്ച പുതിയ പ്രവർത്തനം വളരെ നന്നായി നടക്കുന്നു. പാസ്റ്റർ പി.സി.ശമുവേൽ കുടുംബമായി ഇവിടെ പ്രവർത്തിച്ചു വരുന്നു. ദൈവജനം പ്രാർത്ഥിച്ചാലും.

# നിത്യതയിൽ



### ഏബ്രഹാം വർഗീസ് (ജോർജ്ജുകുട്ടി - 72)

**തിരുവല്ല:** കിഴക്കൻ മുത്തൂർ പേരാലുംമൂട്ടിൽ പുത്തൻകണ്ണോത്ത് ഏബ്രഹാം വർഗീസ് (ജോർജ്ജുകുട്ടി - 72) നിത്യതയിൽ. സംസ്കാരം പെനിയേൽ ആഞ്ഞിലിത്താനം സെമിത്തേരിയിൽ നടന്നു.

ഭാര്യ: കുമ്പളാംപൊയ്ക കളിക്കാൽ കുടുംബാംഗം ഗ്രേസിക്കുട്ടി, മക്കൾ: നിർമ്മല, ലത, സന്തോഷ് (സൗദി), ലിനി., മരുമക്കൾ: ബിജു (ഷാർജ), റോയി, ലീന (സൗദി). കൊച്ചുമക്കൾ: ബിബിൻ, എയ്മി, എയിൻ, എമിലിയ.



### മുളമൂട്ടിൽ തോമസ്സ് ഫിലിപ്പ്

**കവുംങ്ങുംപ്രയാർ:** മുളമൂട്ടിൽ തോമസ്സ് ഫിലിപ്പ് (രാജു-65) നിത്യതയിൽ. സംസ്കാരം ശാരോൻ ഫെലോഷിപ്പ് സഭാ സെമിത്തേരിയിൽ നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷയിൽ സഭാ ശുശ്രൂഷകൻ പാസ്റ്റർ കുറിയാക്കോസ് നേതൃത്വം വഹിച്ചു. പാസ്റ്റർമാരായ പി.ജി. മാത്യൂസ്, സജി ജോർജ് കോക്കാട്ട്, വി. ഓ. വർഗീസ്, എ.ജെ. ജോൺ, പി.എം.ഫിലിപ്പ്, സാം പി. പൊന്നച്ചൻ, ജോൺസൺ കെ.ശമുവേൽ, ഇ. ജെ.ജോൺ, ഇ. ജെ.തോമസുകുട്ടി എന്നിവർ പ്രസംഗിച്ചു.

ഭാര്യ: ലീലാമ്മ, മക്കൾ: പാസ്റ്റർ ലിജീഷ്, ലിജി, ലിജു, മരുമക്കൾ: പാസ്റ്റർ റെനി ഇടപ്പറമ്പിൽ, മെറി, ബിൻസി.



### ജോൺ വർഗീസ് (91)

**ഒക്കലഹോമ:** മെഴുവേലി കിടങ്ങൂർ കരിക്കാമേലത്തേതിൽ ജോൺ വർഗീസ് (91) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ശാരോൻ ഫെലോഷിപ്പ് സെമിത്തേരിയൽ നടത്തി.

മക്കൾ: സൂസ, റവ. നൈനാൻ പി.ജോയികുട്ടി, ഗ്രേയ്സ് തോമസ് കുഞ്ഞപ്പി, സൂസൻ വർഗീസ്, ലാലൻ വർഗീസ്, തോമസ് വർഗീസ്, അലക്സാണ്ടർ വർഗീസ്, ജോ വർഗീസ്, സെലിൻ വർഗീസ്.



### ജേക്കബ് സാമുവേൽ

**ഹൂസ്റ്റൺ:** റാന്നി വെൺമേലിൽ പരേതരായ പി. സാമുവേൽ മറിയാമ്മ ദമ്പതികളുടെ മകൻ ഹൂസ്റ്റണിൽ ജേക്കബ് സാമുവേൽ (59) നിത്യതയിൽ. സൗത്ത് പാർക്ക് ഫ്യൂണറൽ ഹോം സെമിത്തേരിയിൽ സംസ്കാരം നടത്തി.

ഭാര്യ: മേഴ്സി, മക്കൾ: ലിൻസി, ഡോ.മനു ചാക്കോ. ഡോ.ഷാൻസി, ലിജോ കുര്യാള

## യൂത്ത് ക്യാമ്പും താലന്തു പരിശോധനയും

**ചങ്ങനാശ്ശേരി:** ന്യൂ ഇൻഡ്യാ ദൈവസഭയുടെ പുത്രികാ സംഘടനയായ വൈ.പി.സി.എ ചങ്ങനാശ്ശേരി സെന്റർ യൂത്ത് ക്യാമ്പും താലന്തു പരിശോധനയും ഒക്ടോബർ 22,23 തീയതികളിൽ കുറിച്ചി എബനേസ്സർ ചർച്ചിൽ നടന്നു. പോയിന്റുകളിൽ ചിങ്ങവനം സഭ ഒന്നാം സ്ഥാനവും കുറിച്ചി രണ്ടാം സ്ഥാനവും ചങ്ങനാശ്ശേരി പെരുന്ന മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് പാസ്റ്റർ റ്റി. എം. കുരുവിള ട്രോഫികൾ കൈമാറി. ക്യാമ്പിൽ വിവിധ കൗൺസലിംഗ് സെക്ഷനുകളിൽ way of hope പ്രവർത്തകർ ക്ലാസുകൾ നയിച്ചു. പാസ്റ്റർ ജോൺ ജേക്കബ്, പാസ്റ്റർ രാജു മേത്ര തുടങ്ങിയവർ പ്രസംഗിച്ചു. വൈ.പി.സി.എയ്ക്കുവേണ്ടി പാസ്റ്റർ ലിജോ ജോസഫ് തടിയൂർ, റെജി പി. കുരുവിള വിജേഷ് നിലമ്പൂർ, ജിതിൻ തുടങ്ങിയവർ നേതൃത്വം നൽകി.

**Please Visit Us**

**Website:**
www.beljourn.com

**Email:**
beljourn@gmail.com

## കവിത

ജോർജ് കോശി, ടൊറാന്റോ

### യേശു വീണ്ടും വരുന്നു!

യേശുവേ നീ വരുന്ന നാൾ
ഏറ്റമടുത്തിങ്ങാകയാൽ
ആകാംക്ഷയോടെ ഞാനിഹെ
ആയതിനായൊരുങ്ങുന്നു.
എന്നെ നിൻ തുല്ല്യനാക്കുന്ന
നിന്റെ വൻ ശക്തി തന്നതാൽ
നിന്നനുരൂപനായി ഞാൻ
അന്നു നിൻ ചാരേ ചേർന്നിടും.

ഞാൻ പരദേശി ആയിഹെ
പാർക്കുവാൻ തന്ന വീടതിൽ
നിന്റെ ചട്ടങ്ങളെന്നുമേ
എന്റെ സംഗീതമാകുന്നു
നശ്വരമാം ഈ ലോകത്തിൽ
'അശ്വ രഥ'ങ്ങൾക്കായി ഞാൻ
ആശവെച്ചന്റെ ജീവിതം
നാശമാക്കീടില്ലെൻ പ്രീയാ

ഓട്ടക്കളത്തിൽ എന്റെയീ
ഓട്ടം സ്ഥിരതയോടു ഞാൻ
ഓടിത്തികച്ചു തേജസ്സിൻ
വാടാകിരീടം ചൂടീടും
ഓടുന്നവർ അനേകരി-
ന്നോരോ വഴി തിരിഞ്ഞീടിലും
വിശ്വാസ നായകനേശുവിന്റെ
വിശുദ്ധ പാതയിലോടും ഞാൻ

## ഏകദിന സെമിനാർ

**എടത്വ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് തിരുവല്ല സൗത്ത് ഡിസ്ട്രിക്റ്റ് എൽ. എം. മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഏകദിന സെമിനാർ എടത്വ സഭയിൽ വച്ച് നടന്നു. ഡിസ്ട്രിക്റ്റ് പാസ്റ്റർ അനിയൻകുഞ്ഞ് ശാമുവേൽ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്ത സെമിനാറിൽ എൽ. എം. സ്റ്റേറ്റ് ജനറൽ കോർഡിനേറ്റർ സിസ്റ്റർ ഷോൺ തോമസ് ദൈവവചനം ശുശ്രൂഷിച്ചു. എൽഎം കോട്ടയം സോണൽ സെക്രട്ടറി സിസ്റ്റർ ഷീജാ ജോൺ അനുഭവ സാക്ഷ്യം പറഞ്ഞു. സിസ്റ്റർ സൂസമ്മ ജോർജ് സ്വാഗതവും സിസ്റ്റർ ജിൻസി സാം കൃതജ്ഞതയും രേഖപ്പെടുത്തി. എൽ. എം. സെക്രട്ടറി മിനി അനിൽ ജോയിന്റ് സെക്രട്ടറി ജിൻസി സാം തുടങ്ങിയവർ സെമിനാറിന് നേതൃത്വം നൽകി.



ധ്യാനം

# ദൈവത്തോടൊപ്പം വളർന്ന വിശ്വസ്ത പ്രവാചകൻ



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

ഭാവിയിൽ നാം എന്തായി തീരും എന്ന് നിർണ്ണയിക്കപ്പെടുന്നത് വർത്തമാനകാലത്തിൽ നമ്മെ സ്വാധീനിച്ചത് എന്ത് എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. വളർച്ചയുടെ പടവുകളിൽ നാം ആരോടൊപ്പം എന്നത് നാളെ നാം ലോകത്തിൽ ആരായി അറിയപ്പെടും എന്നതിന്റെ ഒരു ചിത്രം നമ്മിൽ രൂപപ്പെടുത്തും. വചന ദൗർലഭ്യം ഹേതുവായി സമൂഹത്തിൽ വ്യാപരിച്ചിരുന്ന അധാർമ്മികതയും ദൈവനിഷേധവും ഇരുൾ പാകിയ യിസ്രായേൽ. അപ്പോൾ ന്യായപാലക പ്രവർത്തിക്കായി ഒരു പ്രവാചക ശബ്ദം വളരെ അടിയന്തിരമായി ആവശ്യമായിരുന്ന ഒരു കാലഘട്ടം!! "ഞാൻ നിനക്കു പത്തു പുത്രന്മാരെക്കാൾ നന്നല്ലയോ" എന്ന എല്ക്കാനയുടെ മനഃശാസ്ത്ര ചികിത്സയെക്കാൾ ദൈവാശ്രയം തേടി ഹന്നാ ആലയത്തിൽ എത്തി. യഹോവയോടു പറഞ്ഞ നേർച്ചയിൻ പ്രകാരം ഒരാണ്ട് കഴിഞ്ഞപ്പോൾ അത്യുന്നതനായവനിൽ നിന്നും ഒരാൺ പൈതലിനെ അവർക്ക് ലഭിച്ചു. ദൈവത്തിനായി നിവേദിക്കപ്പെട്ട ഈ ബാലകൻ ശുശ്രൂഷയുടെ തുടക്കത്തിൽ തുടങ്ങി വളർച്ചയിലുടനീളം ദൈവത്തോടൊപ്പം നിന്ന് മഹത്തായ ശുശ്രൂഷ നിർവ്വഹിക്കുന്നു!!

വചനം ദുർലഭമായിരുന്ന, ദർശനം ഏറെ ഇല്ലാതിരുന്ന, ന്യായപാലകന്റെ കണ്ണുകൾ മങ്ങിത്തുടങ്ങിയ, യാഗം ചവിട്ടുന്ന പുരോഹിത യൗവനക്കാർ അഴിഞ്ഞാടുന്ന ഒരു തലമുറ. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി ഈ ബാലകൻ ആലയ ശുശ്രൂഷകളിൽ വ്യാപൃതനായിരിക്കുന്നു. ബാലകനായി ശുശ്രൂഷ തുടങ്ങിയവൻ ദിനംതോറും വളർന്നുകൊണ്ടേയിരുന്നു. ആണ്ടുതോറും വർഷാന്തരയാഗം കഴിപ്പാൻ വരുന്ന സമയം അമ്മ ഉണ്ടാക്കികൊണ്ടുവരുന്ന പുതിയ അങ്കി ശമുവേലിന്റെ വളർച്ചയുടെ തെളിവാണ്. 1 ശമുവേൽ 3:1ൽ ബാലകനായി ഏലിയുടെ മുമ്പാകെ യഹോവയുടെ ശുശ്രൂഷ ആരംഭിച്ച ശമുവേൽ 3:19ൽ കാണുന്നത് "ശമുവേൽ വളർന്നു" എന്നാണ്. ഇത് കേവലം ശാരീരിക വളർച്ചയെ കുറിച്ച് മാത്രമല്ല എന്നത് വളരെ വ്യക്തമാണ്. ശമുവേൽ വളർന്നു എന്നതിനോടൊപ്പം ചേർത്തെഴുതിയിരിക്കുന്ന വിശേഷണ പദമാണ് തന്റെ ഭാവികാല കാര്യപരിപാടികളുടെ ഗതി നിർണ്ണയിച്ചത്. ആ വിശേഷണ പദം "യഹോവ അവനോടുകൂടെ ഉണ്ടായിരുന്നു" എന്നതാണ്. യഹോവയെ കൂടെ നിർത്തി വളരുന്ന ശമുവേൽ!! വിട്ടുമാറാത്ത ദൈവസാന്നിധ്യത്തിൽ വളരുന്ന ശമുവേൽ!! ദൈവബോധം ഉള്ളിൽ കരുതിക്കൊണ്ടുള്ള പ്രവാചക ദൗത്യത്തിലേക്കുള്ള വളർച്ച!! ഏലിയുടെ കീഴിൽ ശുശ്രൂഷയുടെ ബാലപാഠങ്ങൾ പഠിച്ചു തുടങ്ങിയവൻ ഇപ്പോൾ യഹോവയിൽ നിന്നും അരുളപ്പാടുകൾ നേരിട്ട് പ്രാപിക്കുന്നതിലേക്ക് വളർന്നു-പക്ഷെ അപ്പോഴും യഹോവ അവനോടു കൂടെയുണ്ടായിരുന്നു!!

തുടക്കത്തിൽ ദൈവത്തോടൊപ്പം ആരംഭിക്കുകയും ഗമന വഴികളിൽ ദൈവബോധം നഷ്ടമാക്കുകയും ചെയ്യുന്നു. ഇതറിയാതെ ഏറെ വളർന്നെന്നു സ്വയം അവകാശപ്പെടുന്ന ആത്മീക അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന അന്ധത നമ്മെ നിഗള ഗർത്തങ്ങളുടെ ആഴങ്ങളിലേക്ക് തള്ളിയിട്ട് നശിപ്പിക്കുന്നു. ആത്മീക ജീവതത്തിന്റെ തുടക്കനാളുകളിലെ നൈർമല്യതയിൽ, ശിശുസമാന ഭാവത്തിന്റെ പ്രതികരണങ്ങളിൽ, കാഠിന്യമില്ലാത്ത ഹൃദയ ശുദ്ധിയിൽ – ദൈവം കൂടെയുണ്ടായിരുന്നു!!. എന്നാൽ കാലം പുരോഗമിച്ചപ്പോൾ ദൈവാശ്രയത്തിൽ നിന്നും അകന്നു സ്വയമായി കാര്യാധികൾ നിയന്ത്രിക്കാനും പ്രശ്ന പരിഹാരം വരുത്താനും വസ്തുതകളോട് പ്രതികരിക്കാനും കാര്യശേഷി നേടിയെന്ന് നാം നമ്മെകുറിച്ച് വിലയിരുത്തി. വളർച്ച എത്തി എന്നു അഭിമാനിക്കുന്ന ഇടങ്ങളിൽ നമ്മെ വിട്ടുമാറിയിരിക്കുന്ന ദൈവസാന്നിധ്യത്തെക്കുറിച്ചു നാം അറിവില്ലാത്തവരായി തീർന്നു. നമ്മുടെ വളർച്ചയെക്കുറിച്ച് നമുക്ക് തന്നെ വല്ലാത്ത ഒരു മതിപ്പ് തോന്നുന്ന സ്വയാഭിമാനത്തിന്റെ വിതലതലങ്ങളിൽ പ്രവേശിച്ചു കഴിഞ്ഞാൽ ആത്മീയ തിമിരം ബാധിച്ച കണ്ണുകളിലൂടെ പിന്നീട് നാം കാണുന്നത് മുഴുവൻ വളർന്നിട്ടില്ലെന്ന് നാം ചിന്തിക്കുന്ന ഒരു സമൂഹത്തിന്റെ കുറ്റങ്ങളും കുറവുകളും മാത്രമായിരിക്കും.

ആലയത്തിന്റെ അകത്തളങ്ങളിൽ അറിയപ്പെടാതെ ഇരുന്ന ഒരു കാലഘട്ടത്തിൽ നിന്നും ദാൻ മുതൽ ബേർശേബ വരെ ജനം അംഗീകരിച്ച പ്രവാചകനായി താൻ (3:20) മാറിയപ്പോഴും യഹോവ അവനോടു കൂടെ ഉണ്ടായിരുന്നു!! നമ്മുടെ വളർച്ചയിൽ യഹോവ നമ്മോടു കൂടെ ഉണ്ടോ? ലോകമറിയുന്ന, ജനം അംഗീകരിക്കുന്ന ശുശ്രൂഷകരായി, പ്രവാചകന്മാരായി നാം മാറുമ്പോഴും ദൈവബോധവും ദൈവത്തിന്റെ സാന്നിധ്യവും നമ്മെ പിന്തുടരുന്നുണ്ടോ? ദൈവം നമ്മോടെ കൂടെ ഇല്ലാതെയുള്ള എല്ലാ വളർച്ചകളും ഉയർച്ചകളും നമ്മെ നയിക്കുന്നത് നാശത്തിലേക്കായിരിക്കും. ആത്മീകതയിൽ ഓരോ പടി നാം വളരുമ്പോഴും ദൈവം നമ്മോടുകൂടെ ഉണ്ടോ എന്ന ഒരു തിരിഞ്ഞു നോട്ടം നമുക്കനിവാര്യമാണ്. ജനവീക്ഷണത്തിൽ നാം വല്ലാതെ വളർന്നിരിക്കുന്നു എന്ന് തോന്നിയാലും യഹോവ നമ്മെ വിട്ടുമാറിയിരിക്കുന്നു എങ്കിൽ അടിയന്തിരമായി ഒരു മടങ്ങിവരവ് ആവശ്യമായിരിക്കുന്നു. ദൈവം കൂടെയില്ലാത്ത വളർച്ച നമുക്കെന്തിന്? ദൈവം കൂടെയില്ലാത്ത പ്രശസ്തികൾ നമുക്കെന്തിന്? ദൈവം കൂടെയില്ലാത്ത പദവികൾ നമുക്കെന്തിന്? ആത്മീകതയിലും ശുശ്രൂഷയിലും നാം നിർമ്മിച്ചെടുക്കുന്ന കൃത്രിമ തിരക്കുകൾ ദൈവം നമ്മോടുകൂടെ ഉണ്ട് എന്നതിന്റെ തെളിവല്ല!! വളർച്ചക്കിടയിലും ഒരു സൂഷ്മമായ അവലോകനം നാം നമ്മെക്കുറിച്ചു നടത്തണം- ഞാൻ വളർന്നു, പക്ഷെ യഹോവ എന്നോടൊപ്പം ഉണ്ടോ?

ശമുവേലിനോട് കൂടെ യഹോവ അവന്റെ വളർച്ചയിൽ ഉണ്ടായിരുന്നെങ്കിൽ അതെ തലമുറയിൽ കാര്യമായിട്ടൊന്നും അവകാശപ്പെടാനില്ലാത്ത ഒരു കുടുംബ പശ്ചാത്തലത്തിൽ നിന്നും ദൈവീക തിരഞ്ഞെടുപ്പിൽ പ്രകാരം യിസ്രായേലിന്റെ പ്രഥമ രാജാവായി വളരെ വേഗത്തിൽ വളർന്ന ശൗലിൽ നിന്നും യഹോവയുടെ ആത്മാവ് വിട്ടുമാറി!! ആ ദുരന്തം നമുക്കൊരു മുന്നറിയിപ്പാണ്. ശൗലും ശമുവേലും വളർന്നു എങ്കിലും ദൈവത്തോടൊപ്പം വളർന്നവന്റെയും ദൈവത്തെ വിട്ടു വളർന്നവന്റെയും ചരിത്രം വ്യത്യസ്തമായിരുന്നു. ദൈവാത്മാവു വിട്ടുമാറിയാലും ഒരു സമയം വരെ രാജാവായി തുടരാം!! ദൈവത്തോടൊപ്പം കൂടെ നിന്ന ആദ്യ നാളുകളിൽ ദൈവത്താൽ ലഭ്യമായ സിംഹാസനവും അധികാരവും പദവികളും ഇന്നും നിലനിൽക്കുന്നത് ദൈവം കൂടെ ഉണ്ട് എന്നതിന്റെ പ്രത്യക്ഷ ലക്ഷണം അല്ല. ദൈവം കൂടെയില്ലെങ്കിലും ഇന്നലകളിൽ ലഭ്യമായതൊക്കെ കുറച്ചുനാൾ കൂടെ പക്ഷെ നിലനിൽക്കാം. ഇപ്പോൾ കൈവശമുള്ള സിംഹാസനം, രാജപദവി, സൈന്യം, കൊട്ടാരം ഇവയുടെ അടിസ്ഥാനത്തിൽ ദൈവസാന്നിധ്യത്തെ നിർവ്വചിക്കുന്നത് ശൗലിസത്തിന്റെ വ്യാഖ്യാനമാകും!!

ബിലീവേഴ്സ് ജേണൽ
ക്രൈസ്തവ ദ്വൈവാരിക
വായിക്കൂ വരിക്കാരാകൂ...
മാധ്യമ ലോകത്തെ വേറിട്ട ശബ്ദം...
മുഖപക്ഷമില്ലാത്ത നിലപാടുകൾ
യുവജന പംക്തി, അമേരിക്കൻ വിശേഷം, മാധ്യമ വിചാരം, വിധിയും വിചാരണയും, ചോദ്യോത്തരവേദി, കല്ലുകടി, ഡോ. കോര സംസാരിക്കുന്നു, വേദപഠനം തുടങ്ങി വ്യത്യസ്ത പംക്തികൾ



വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

BELIEVERS JOURNAL
KANDOMKERIL BUID
KUMBANAD P.O.,
THIRUVALLA
PIN: 689 457
MOB: 9447368795

E-mail: beljourn@gmail.Com
Website: www.beljourn.com

വീക്ഷണം

# ന്യൂ ജനറേഷൻ കാലത്തെ ചില നവമാധ്യമ ചിന്തകൾ



റോബിൻ സാമുവേൽ

ഐ. എസ് തീവ്രവാദികളുടെ ക്രൂരതകൾ വാർത്താമാധ്യമങ്ങളിൽ നിറയുന്നകാലം. തീവ്രവാദികൾക്കെതിരെ സൗദിയിലെ ഒരു പ്രവാസി മലയാളി ഫേസ്ബുക്കിൽ പൊട്ടിത്തെറിച്ചു. എതിർത്തും അനുകൂലിച്ചുമെല്ലാം പ്രതികരണങ്ങൾ ഫേസ്ബുക്കിൽ വന്നു നിറഞ്ഞു. സൗദിയിൽ ജോലി ചെയ്ത് ശമ്പളം വാങ്ങുന്നയാൾ സൗദിയോട് കൂറ് കാണിക്കാത്തതിനെതിരെയും സത്യം പറയാൻ ധൈര്യം കാണിച്ച 'മഹാന്' അഭിനന്ദനമറിയിച്ചുമൊക്കെ 'കമന്റുകൾ' വന്നു കൊണ്ടിരുന്നു. ഒടുവിൽ കഥാനായകൻ താത്വികമായൊരവലോകനം നടത്തി പ്രശ്നമവസാനിപ്പിക്കാൻ ശ്രമിച്ചു.

"സൗദി കുട്ടപ്പൻ ചേട്ടനാണെന്നിരിക്കട്ടെ,

കുട്ടപ്പൻ ചേട്ടന് തെങ്ങിൽ കയറാനറിയാത്തതിനാൽ

എന്നെ തേങ്ങയിടാൻ വിളിച്ചുവെന്നുമിരിക്കട്ടെ.

ഞാൻ തേങ്ങയിട്ടു. കൂലിം വാങ്ങിപ്പോന്നു.

ചിലരൊക്കെ പറയുന്നതു കേട്ടാ തോന്നും-

ഞാനങ്ങേരുടെ വീട്ടുമുറ്റത്തു നിന്ന് കുട്ടപ്പൻ ചേട്ടനും ഭാര്യയ്ക്കും കീ ജയ് കൂടി വിളിക്കണമായിരുന്നെന്ന്"

സംഗതി ഫേസ് ബുക്കിലായിരുന്നതിനാൽ ചർച്ച അവിടം കൊണ്ടു തീർന്നില്ല; വാദപ്രതിവാദം ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയാണ്.

ഇതുതന്നെയാണ് സോഷ്യൽ മീഡിയകളെ വ്യത്യസ്തമാക്കുന്നതും, നാളിതുവരെയുണ്ടായിട്ടുള്ള എല്ലാ ദൃശ്യ പത്രമാധ്യമങ്ങളിൽ നിന്നും വ്യത്യസ്തമായി അവയുടെ സ്വീകർത്താക്കൾക്കും സജീവമായ ഇടപെടലുകൾക്ക് അവസരം നല്കിയാണ് നവ മാധ്യമങ്ങൾ കരുത്തു തെളിയിക്കുന്നത്. അത്യാവശ്യം കമ്പ്യൂട്ടറോ സ്മാർട്ട്ഫോണോ ഉപയോഗിക്കുന്ന ആർക്കും ഒരെഡിറ്ററുടെ കത്രികയ്ക്കിട നല്കാതെ എന്തും പ്രസിദ്ധീകരിക്കാനും ലോകത്തിലെവിടെയിരുന്നും ചർച്ചകളിൽ പങ്കെടുക്കാനും കഴിയും എന്ന നിലവന്നിരിക്കുന്നു.

നവമാധ്യമങ്ങൾ എന്നു വിളിക്കുന്ന സോഷ്യൽ മീഡിയകളുടെ ഉപയോഗത്തിൽ 'ന്യൂ ജനറേഷൻ' എന്ന് സ്വയം അഭിരമിക്കുന്ന ആധുനിക തലമുറയാണ് മുമ്പിൽ. പരമ്പരാഗതമായ എല്ലാ അലിഖിത നിയമങ്ങളെയും തകർത്തെറിഞ്ഞ ഒരു സമൂഹമെന്ന് കരുതുന്ന, ആധുനിക വാർത്താ വിനിമയ സൗകര്യങ്ങളുടെ മടിത്തൊട്ടിലിൽ ജീവിക്കുന്ന ഇവർക്ക് ഫേസ്ബുക്കും വാട്ട്സ് ആപ്പുമൊന്നും ഒഴിവാക്കാൻ കഴിയാത്ത ഒന്നായി മാറിയിരിക്കുകയുമാണ്. ജനാധിപത്യത്തിന്റെ ആണിക്കല്ലായ പത്രമാധ്യമങ്ങളെ കവച്ച് വെച്ച് ആർക്കും എന്തും പ്രസിദ്ധീകരിക്കാമെന്ന സ്ഥിതിയാണിന്ന്. പ്രമുഖ ബ്രാൻഡുകളുടെ മുളകുപൊടിയും, മല്ലിപ്പൊടിയുമൊക്കെ നിരോധിച്ചതും, മായം ചേർക്കൽ കണ്ടെത്തിയതും തുടങ്ങി വാണിജ്യ താത്പര്യം കാരണം മുഖ്യധാരാ മാധ്യമങ്ങൾ മുക്കി വെച്ച എത്ര വാർത്തകളാണ് നവ മാധ്യമങ്ങൾ പുറത്തെത്തിച്ചത്. നഴ്സുമാരുടെ ശമ്പളവർദ്ധനവ് ആവശ്യപ്പെട്ടുള്ള സമരം തുടങ്ങി തുണിക്കടകളിലെ നില്പു സമരം വരെ എത്രയെത്ര സമരങ്ങൾക്കാണ് നവമാധ്യമങ്ങൾ ശക്തി പകർന്നത്. ലോകത്ത് എവിടെ നടക്കുന്ന സംഭവങ്ങളും മൂടി വെയ്ക്കപ്പെടാതെ ജനങ്ങളിലെത്തുന്നതിന് നവ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

കഴിഞ്ഞ വർഷം നോബൽ സമ്മാനം നേടിയ 'മലാല'യെ ലോക പ്രശസ്തയാക്കിയതും, പാലസ്റ്റീനിലെ യിസ്രായേൽ ഇടപെടലുകളെപ്പറ്റി 'ട്വിറ്റു'കളിലൂടെ ലോകത്തെയറിയിച്ച് പാലസ്റ്റീനിന്റെ ആൻഡഥാങ്കായി മാറിയ ഫറാ ബക്കറുമൊക്കെ സോഷ്യൽ മീഡിയയുടെ സൃഷ്ടി തന്നെ. ഇരുവരെയും കുറിച്ചുള്ള പുസ്തകങ്ങൾക്ക് കേരളത്തിലടക്കം ലഭിക്കുന്ന വൻ സ്വീകാര്യതയ്ക്ക് കാരണവും മറ്റൊന്നല്ല. പരമ്പരാഗത സിനിമാരീതികളെ പൊളിച്ചെഴുതി സിനിമ പിടിച്ച 'സന്തോഷ് പണ്ഡിറ്റും, ഒക്കത്തൊരു കുഞ്ഞുമായി 'രാജഹംസമേ' പാടിയ ചന്ദ്രലേഖ എന്ന യുവതിയേയും പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിച്ചതും നവമാധ്യമങ്ങളാണ്. വർഷങ്ങൾക്ക് മുമ്പ് നമുക്ക് നഷ്ടപ്പെട്ടതെന്ന് കരുതിയ എത്രയെത്ര സുഹൃത്തുക്കളെ നമുക്ക് ഫേസ്ബുക്കിലൂടെ തിരികെ ലഭിച്ചിരിക്കുന്നു. ശശി തരൂർ, മോഹൻലാൽ തുടങ്ങി പ്രശസ്തരുടെ ട്വിറ്ററിൽ നിന്നും, ബ്ലോഗുകളിൽ നിന്നുമൊക്കെ എത്രയെത്ര ബ്രേക്കിംഗ് ന്യൂസുകൾ ഉണ്ടായിരിക്കുന്നു. എന്തിന് നിരവധി ഫേസ്ബുക്ക്, വാട്സ് ആപ്പ് ഗ്രൂപ്പുകൾ സംഘടിത രൂപം പ്രാപിക്കുകയും അശരണർക്കും അർഹരായവർക്കും സഹായങ്ങൾ തക്ക സമയത്തെത്തിക്കുന്നതിന് പരിശ്രമിക്കുക പോലും ചെയ്യുന്നുണ്ട്. രാഷ്ട്രീയ പാർട്ടികൾ പോലും തങ്ങളുടെ പ്രചാരണങ്ങൾക്ക് സോഷ്യൽ മീഡിയ വിംഗുകൾക്ക് രൂപം കൊടുത്തു കഴിഞ്ഞു.

ഇതിനെല്ലാം ഒരു മറുവശം കൂടിയുണ്ട്. വിലകൂടിയ ലാപ്പ് ടോപ്പുകളിലും കമ്പ്യൂട്ടറുകളിലും ലഭ്യമായിരുന്ന ഇന്റർനെറ്റ് സൗകര്യം തുച്ഛമായ വിലയ്ക്ക് ലഭിക്കുന്ന സ്മാർട്ട് ഫോണുകളിൽ പോലും ലഭ്യമായതോടു കൂടി ഊണും ഉറക്കവും കളഞ്ഞ് യുവജനങ്ങൾ ഒന്നാകെ സ്മാർട്ട് ഫോണുകളിൽ തല കുമ്പിട്ടിരിക്കുന്ന സ്ഥിതിയാണിന്നുള്ളത്. വർത്തമാനം കുറയുകയും അവനവനിലേക്ക് ഒതുങ്ങുകയും ചെയ്യുന്ന അവസ്ഥ 'സെൽഫി' എന്ന ഓമനപ്പേരിൽ പ്രചരിക്കുന്ന 'അവനവന്റെ' ചിത്രത്തിനു പിന്നിലെ മനഃശാസ്ത്രവുമിതാണ്. കുടുംബങ്ങളിൽ പരസ്പരമുള്ള ആശയ വിനിമയം മാത്രമല്ല കുടുംബ പ്രാർത്ഥനകളും കുറയുന്നു. 'പോസ്റ്റുകൾ' ഇട്ടിട്ട് ഒരു ലൈക്ക് തരു എന്നു യാചിക്കുന്നവർ, ഫേസ്ബുക്കിൽ അത് മഹത്വക്കുറിപ്പെഴുതി ജീവനനൊടുക്കുന്നവർ, ശത്രുക്കളുടെ 'ഫേസ്ബുക്ക് വാളിൽ' ചെയ്യുന്നവർ വരെ നവമാധ്യമങ്ങളിൽ അരങ്ങ് തകർക്കുകയാണ്. അപകടകരമായ സെൽഫികളെടുക്കുന്നതിന് റയിൽവേ പാളത്തിലും പാറക്കെട്ടുകളിലും കയറി ജീവൻ പോയവരും നിരവധിയാണ്. നേരം പുലരുമ്പോൾ 'ഗുഡ് മോർണിംഗ്' മുതൽ രാത്രി 'ഗുഡ് നൈറ്റ്' വരെ നടക്കുന്നതെല്ലാം മാലോകരെ അറിയിച്ചു കൊണ്ടിരിക്കുന്നവരും കുറവല്ല. എത്രയെത്ര വ്യാജവാർത്തകളാണ് പലപ്പോഴും ഫേസ്ബുക്ക് വഴി ഷെയർ ചെയ്യപ്പെട്ടിട്ടുള്ളത്. നരേന്ദ്രമോഡി ആർ. എസ്.എസ് കാര്യലായം വൃത്തിയാക്കുന്നു എന്ന പേരിൽ ഫേസ്ബുക്കിൽ പ്രചരിച്ച ഒരു വ്യാജ ചിത്രം അതേപടി പ്രസിദ്ധീകരിച്ച് ഒരു പ്രമുഖ മലയാള പത്രം നാണംകെടുന്നതിനും നമ്മൾ സാക്ഷിയായി.

പെന്തെക്കോസ്ത് സമൂഹത്തിലും ഇന്ന് നവമാധ്യമങ്ങൾ ഒരു ചർച്ചാവിഷയമാണ്. പൊതു സമൂഹത്തിലെപ്പോലെ തന്നെ ഇവിടെയും ഭൂരിഭാഗത്തിനും നവമാധ്യമങ്ങൾ അന്യം തന്നെ. പക്ഷേ നവ മാധ്യമങ്ങളിൽ സജീവമായ ഒരു പറ്റം ദൈവദാസന്മാരും വിശ്വാസികളും 'ഓൺ ലൈനിൽ' വിപ്ലവം തീർക്കുകയാണ്. ബ്ലോഗുകൾക്കും, ട്വിറ്ററിനുമൊക്കെ പരിമിതികളുള്ളതിനാൽ 'വാട്സ് ആപ്പിലും, ഫേസ്ബുക്കിലുമാണിന്ന് തിരക്ക് കൂടുതൽ. മുഖ്യാധാര പെന്തെക്കോസ്ത് പത്രങ്ങൾ ഇവയിലൊന്നും സജീവമല്ലെങ്കിലും ചില ഓൺലൈൻ പത്രങ്ങളും വിശ്വാസികളും ദൈവദാസന്മാരൊക്കെ നടത്തുന്ന ഗ്രൂപ്പുകളിലും പേജുകളിലുമൊക്കെയാണ് ചർച്ചകളും സംവാദങ്ങളുമൊക്കെ അരങ്ങേറുന്നത്. സുവിശേഷ പ്രചരത്തിനും വചനപഠനങ്ങൾക്കും ആരോഗ്യകരമായ സംവാദങ്ങൾക്കും നവ മാധ്യമങ്ങളുടെ

04

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748




## ഡിസ്ട്രിക്ക് കൺവൻഷന് അനുഗ്രഹ സമാപ്തി

**പാലക്കാട്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ സഭയുടെ പാലക്കാട് കൺവൻഷന് അനുഗ്രഹ സമാപ്തി. കഴിഞ്ഞ ഒക്ടോബർ 23 മുതൽ 24 വരെയായിരുന്നു യോഗങ്ങൾ നടന്നത്. ഇരുപത്തിമൂന്നിന് വൈകിട്ട് 6 മണിക്ക് പാലക്കാട് ഡിസ്ട്രിക്ക് സെക്രട്ടറി പാസ്റ്റർ ജോർജ്ജ് തോമസിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ ഷൈജൻ ഇ. ഡി പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിൽ ഡിസ്ട്രിക്ക് പാസ്റ്റർ പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു.

തുടർന്നുള്ള യോഗങ്ങളിൽ ദൈവസഭ കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ. ജയിംസ് ദൈവവചന ശുശ്രൂഷ നിർവ്വഹിച്ചു. ബ്രദർ സാംസൺ ചെങ്ങന്നൂരും ബ്രദർ ജിതിൻ ആലപ്പുഴയും ടീം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു.

പാലക്കാട് ഡിസ്ക്ടിലെ എല്ലാ സഭകളും ദൈവമക്കളും കൂടാതെ സമീപ പ്രദേശങ്ങളിലെ ഇതര പെന്തക്കൊസ്തു സഭാ വിശ്വാസികളും ശുശ്രൂഷകന്മാരും അടങ്ങുന്ന നൂറുകണക്കിന് ദൈവമക്കൾ യോഗത്തിൽ പങ്കെടുത്തു. ഇരുപത്തിനാലാം തീയതി രാവിലെ മൂന്നുപേർ കൺവൻഷനോട് അനുബന്ധിച്ച് സ്നാനം സ്വീകരിച്ചു. ഡിസ്ട്രിക്ടിന്റെ പ്രവർത്തനങ്ങൾ വളരെ നല്ലനിലയിൽ മുന്നേറുന്നു.

## സ്പെഷ്യൽ ബൈബിൾ ക്ലാസ്സ്

**മല്ലപ്പള്ളി:** കുറ്റിപ്പുറം ദൈവസഭയിൽ വച്ച് എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 6.30 – 8.30 വരെ ബൈബിൾ ക്ലാസ് നടക്കുന്നു. 'ക്രിസ്തുവിന്റെ വരവും മരിച്ചവരുടെ പുനരുത്ഥാനവും' എന്നതാണു വിഷയം. ബ്രദർ സെബാസ്റ്റ്യൻ (റാന്നി) ഈ വിഷയം ആധികാരികമായി പഠിപ്പിക്കുന്നു. ഈ ക്ലാസിലേക്ക് ഏവർക്കും സ്വാഗതം. തിരുവല്ലാ -മല്ലപ്പള്ളി റൂട്ടിൽ മടുക്കോലിക്കും പുതുശ്ശേരിക്കും മദ്ധ്യേ കുറ്റിപ്പൂവം സ്റ്റോപ്പിൽ ഇറങ്ങിയാൽ മതിയാകും. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ സി. വി. ഫിലിപ്പോസ്, കുറ്റിപ്പൂവം ദൈവസഭ (9605102251).

## മേഖലാ കൺവൻഷൻ

**കൊട്ടാരക്കര:** ഐ. പി. സി. കൊട്ടാരക്കര മേഖലാ 56–ാംമതു വാർഷിക കൺവൻഷൻ 2016 ജനുവരി 6–10 വരെ കൊട്ടാരക്കര പുലമൺ ബേർശേബാ കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. പൊതുയോഗം, ബൈബിൾ ക്ലാസ്, വിദ്യാർത്ഥി യുവജന സമ്മേളനം, സഹോദരീ സമാജം സമ്മേളനം, പാസ്റ്റേഴ്സ് കോൺഫറൻസ്, സംയുക്ത ആരാധന, തിരുവത്താഴ ശുശ്രൂഷ എന്നീ പരിപാടികൾ കൺവൻഷന്റെ ഭാഗമായി നടക്കും.

കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലുള്ള നാനൂറിൽപരം സഭകൾ കൺവൻഷനിൽ പങ്കെടുക്കും. വിപുലമായ ക്രമീകരണങ്ങൾക്കായി വിവിധ സബ് കമ്മറ്റികളെ തെരഞ്ഞെടുത്തതായി പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ജി. സാംകുട്ടി അറിയിച്ചു.

കുമ്പനാട്ട് വസ്തു വില്പനക്ക്

കുമ്പനാട് ജംഗ്ഷനിൽ നിന്നും 1 കിലോമീറ്റർ ദൂരത്തിനുള്ളിൽ (നാഷണൽ ക്ലബിനു സമീപം) 91 സെന്റ് സ്ഥലം മൊത്തമായി വില്പനയ്ക്ക്. പ്ലോട്ടുകളായി തിരിക്കാവുന്ന ഭൂമി. NRI ക്ക് മുൻഗണന.

ബന്ധപ്പെടുക. 9447368795

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 21

BELIEVERS JOURNAL

PUBLISHED ON 10/11/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

Annual Sub.
₹ 150

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

# ചിപ്പിൽ ഒളിയുന്നത് എതിർക്രിസ്തുവിന്റെ മുദ്ര



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709

ശാസ്ത്ര സങ്കേതിക വിദ്യ ഏറ്റവും മുന്നേറിയ കാലഘട്ടത്തിലാണ് ഇന്നിന്റെ ലോകം. അതിനാൽ ശാസ്ത്രം നമ്മുടെയെല്ലാം ജീവിതരീതിയെ സ്വാധീനിക്കുന്നുമുണ്ട്. നാഗരികതയുടെ ഉത്ഥാനപതനങ്ങളെ നിർണയിക്കുന്നതിൽ ശാസ്ത്ര സാങ്കേതിക വിദ്യകൾക്ക് അനൽപമായ പങ്കുണ്ട്. നമ്മൾ ജീവിക്കുന്ന ഭൗതിക ലോകത്തെ മനസ്സിലാക്കുവാനും വിശദീകരിക്കാനും ശാസ്ത്രത്തിന് സാധ്യമാണ് എന്ന ബോധം അത് മനുഷ്യനിൽ ഉണ്ടാക്കുകയും, ഇങ്ങനെ ലോകത്തെ മനസ്സിലാക്കുവാനുള്ള ഒരു പ്രവർത്തനരീതി (methodology) മുന്നോട്ടുവയ്ക്കുകയും ചെയ്തു. ഇത് മനുഷ്യന്റെ ലോകവീക്ഷണത്തിലും ജീവിത വീക്ഷണത്തിലും ഗാഢമായ മാറ്റങ്ങളുണ്ടാക്കി. അടിസ്ഥാന ശാസ്ത്രങ്ങളുടെ ഈ അടിത്തറയുടെ മുകളിലാണ് ആധുനിക സാങ്കേതിക വിദ്യ കെട്ടിപ്പെടുത്തുന്നത്. 18-ഉം 19-ഉം നൂറ്റാണ്ടുകളിൽ പാശ്ചാത്യ ലോകത്തിൽ ഉണ്ടായ വ്യാവസായിക വിപ്ലവത്തിൽ നിന്നും വേണം ആധുനിക സാങ്കേതിക വിദ്യകളുടെ ആരംഭം കണ്ടെത്താൻ. പതിനാറാം നൂറ്റാണ്ടുമുതൽ അടിസ്ഥാന ശാസ്ത്രങ്ങളിൽ ഉണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ ഇതിന് അടിത്തറ പാകി. ശാസ്ത്ര സാങ്കേതിക ഗവേഷണ രംഗം പ്രധാന പങ്കുവഹിക്കുന്ന പുത്തൻമേഖലകൾ വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിലാണ് മുമ്പോട്ടു പോകുന്നത്. ഈ മേഖലയിൽ പുരോഗതിനേടിക്കൊണ്ടിരിക്കുന്ന ഒന്നാണ് നാനോ ടെക്നോളജിയുടേത്. അതിന്റെ ഏറ്റവും നൂതന കണ്ടുപിടിത്തമാണ് മനുഷ്യനിൽ ഉപയോഗിക്കാവുന്ന തരത്തിലുള്ള ബയോമെഡിക്കൽ ചിപ്പ്. സിലിക്കോൺ ഗ്ലാസ്സിനാൽ നിർമ്മിക്കപ്പെട്ട് മനുഷ്യ ശരീരത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന ചിപ്പിൽ ഒരു രഹസ്യ നമ്പറും പുറമെ നിന്ന് ആർഎഫ്ഐഡിയാൽ നീയന്ത്രിക്കുന്ന നീയന്ത്രണ സംവിധാനവുമണ്ട്. വ്യക്തികളെ തിരിച്ചറിയുക എന്നതാണ് പ്രഥമ ലക്ഷ്യം 'ഞാൻ ആരാണെന്ന് പറയുക' എന്നതാണ് ഈ പ്രവർത്തിക്ക് ശാസ്ത്രലോകം കൊടുത്തിരിക്കുന്ന പേര്. പുറമേയുള്ള വിവരശേഖരത്തിൽ ഒരു വ്യക്തിയുടെ സ്വകാര്യമായ തിരിച്ചറിയൽ കാര്യങ്ങൾ, വൈദ്യശാസ്ത്ര സംബന്ധമായതടക്കം എല്ലാ വിവരങ്ങളും ഉൾകൊള്ളിച്ചിരിക്കുന്നു. ചിപ്പ് ശരീരത്തിൽ ഘടിപ്പിക്കുന്നതോടെ ഗവണ്മെന്റിനു പൗരന്മാരുടെ മേൽ പൂർണ്ണ നിയന്ത്രണം ലഭിക്കുന്നു. അദ്ദേഹം എന്ത് കഴിക്കുന്നു. എത്ര തുക സ്വരൂപിക്കുന്നു. പണം എന്തിനെല്ലാം ഉപയോഗിക്കുന്നു. എവിടൊക്കെ പോകുന്നു. എന്തെല്ലാം ചെയ്യുന്നു. എന്നിങ്ങനെ ആ വ്യക്തിയുടെ സമസ്ത കാര്യങ്ങളെയും വ്യക്തമായി, അതത് സമയത്ത് ഗവൺമെന്റിന് മനസിലാക്കുവാൻ ജി പി എസ് സെൻസറിംഗ് സംവിധാനമുള്ള ഈ ചിപ്പ് ഉപകരിക്കുമെന്നതാണ് പ്രത്യേകത. ഒരു വ്യക്തിയുടെ ചിന്താ മണ്ഡലത്തെ പോലും നിയന്ത്രിക്കാവുന്ന ചിപ്പുകളും ശാസ്ത്ര ലോകം കണ്ടെത്തി എന്ന് മാത്രമല്ല, പലരിലും പരീക്ഷണത്തിനായി ഉപയോഗിക്കുന്നു എന്നും അറിയുവാൻ കഴിയുന്നു. ലോകത്തിൽ ആദ്യമായി ഇത്തരം ചിപ്പ് ഉപയോഗിച്ചത് 1998-ൽ ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ കെവിൻ വാർവിക്ക് തന്റെ ഇടതു കൈത്തണ്ടയിലാണ്. അദ്ദേഹം അത് ഉപയോഗിച്ചത് വാതിലുകൾ തുറക്കുന്നതിനും, ലൈറ്റിന്റെ സ്വിച്ച് ഇടുന്നതിനും, കെട്ടിടത്തിനകത്ത് വാക്കാലുള്ള ആജ്ഞകൾ ഒഴിവാക്കുന്നതിനുമായിരുന്നു. കേവലം ഒൻപത് ദിവസത്തെ ഉപയോഗത്തിനു ശേഷം ചിപ്പ് ശരീരത്തിൽ നിന്നും മാറ്റി ബ്രിട്ടിഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. 2009 മാർച്ചിൽ ബ്രിട്ടിഷ് ശാസ്ത്രജ്ഞനായ മാർക്ക് ഗാസ്സൺ RFID നീയന്ത്രിതമായ സിലിക്കൺ ഗ്ലാസ്സിൽ നിർമ്മിച്ച ചിപ്പ് ലോകത്തിന് നല്കി. 2010 ഏപ്രിൽ മാസം ഈ ചിപ്പിനെ വിദൂര നീയന്ത്രണ സംവിധാനത്തിലൂടെ ഒരു കമ്പ്യൂട്ടറുമായി ബന്ധപ്പെടുത്തുകയും വ്യക്തിയുടെ ശരീരത്തിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്തു. ഒരിക്കൽ ശരീരത്തിൽ പ്രവേശിപ്പിച്ചു കഴിഞ്ഞാൽ പിന്നീട് അതിനെ മാറ്റുവാൻ കഴിയില്ല എന്നതാണ് പ്രത്യേകത. ലോകത്തിൽ വിനോദതല്പരരായ ആളുകൾ ചിപ്പ് തങ്ങളുടെ ശരീരത്തിൽ പ്രവേശിപ്പിക്കുന്നതിന് അനുവദിക്കുന്നുണ്ട്. 2002-ൽ അമേരിക്കയിലെ വെരിചിപ്പ് കോർപ്പറേഷന് (പോസിറ്റിവ് ഐഡി കോർപ്പറേഷൻ) ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ ചില നിബന്ധകളോടെ അമേരിക്കൻ പൗരന്മാരിൽ ചിപ്പ് പ്രവേശിപ്പിക്കുന്നതിനുള്ള അനുമതി നല്കി കൊടുത്തു. പോസിറ്റിവ് ഐഡി കോർപ്പറേഷന്റെ മുൻ സി.ഇ.ഓ.യും ചെയർമാനുമായ സ്കോട്ട് ആർ സിൽവർമാൻ ചിപ്പിന്റെ പേറ്റന്റ് എടുത്ത് വിപണനം നില നിർത്തിയിരിക്കുന്നു. പോസിറ്റിവ് കമ്പനി അവകാശപ്പെടുന്നത് ഈ ചിപ്പിനുള്ളിൽ ഒരു വ്യക്തിയെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങളും അതിൽ ആറിന്റെ ഗുണിതങ്ങളായ പതിനാറക്കമുള്ള രഹസ്യ നമ്പറും ഉണ്ടായിരിക്കും എന്നാണ്. ഒരോരുത്തരുടെയും നമ്പർ വ്യത്യസ്തമാണ്. ഒരു ഡോക്ടറുടെ സഹായത്തോടെ ഒരാൾക്ക് ഈ ചിപ്പ് ശരീരത്തിൽ പ്രവേശിപ്പിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ ആ രഹസ്യ നമ്പർ പുറത്തുള്ള കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട് പ്രവർത്തന നിരതമാകും. പിന്നീട് ആ വ്യക്തി

05






Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.